**Sahyanadham**
Annual Subscription Rs. 200.00

Reg. No. KL/IDK/08/16-18
RNI Reg. No. KERMAL / 2004 / 12498
Posted at Thodupuzha Stg.



Printed at St. Martha's Offset Printers, Murickassery 685 604 Editor,
Printer & Publisher. Rev. Fr. James Bishop's House, Idukki - 685 602

# സഹ്യനാദം

വാല്യം 14
മെയ് 2017
ലക്കം 05



## ഇടുക്കി രൂപതാ ബുള്ളറ്റിൻ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 14
Issue No. : 5
Month : May 2017





*Patron*
**Mar Mathew Anikuzhikattil**
Bishop of Idukki

*Chief Editor*
**Rev. Dr. Joseph Kochukunnel**

*Office*
Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Fr. Joseph Karikoottathil

*Website & e-mail*
www.idukkidiocese.org
curiaidukkidiocese@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| മെയ്ദിന സന്ദേശം 2017 | 05 |
| രൂപതക്കച്ചേരി | 14 |
| ക്രിസ്തുജ്യോതി | 17 |
| വിദ്യാഭ്യാസം | 21 |
| സാമൂഹ്യസേവനം | 21 |
| തിരുബാലസഖ്യം | 31 |
| ചെറുപുഷ്പ മിഷൻലീഗ് | 31 |
| പ്രാർത്ഥനാഗ്രൂപ്പ് | 32 |
| കുടുംബക്കൂട്ടായ്മ | 34 |
| കത്തോലിക്കാ കോൺഗ്രസ് | 36 |
| കേരള ലേബർ മൂവ്മെന്റ് | 39 |
| ആത്മജ്യോതിയിലെ പരിപാടികൾ | 40 |
| അറിയിപ്പുകൾ | 40 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 41 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 43 |


*"If we had God's Word always in our heart, no temptation could separate us from God."*

*Pope Francis, Tweet, 24-04-2017*

## ഓർമ്മിക്കാൻ

### മെയ് മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ് |
| 01-03 | : | വിവാഹ ഒരുക്ക ധ്യാനം, ആത്മജ്യോതി, അടിമാലി |
| 02 | : | വി. അത്തനേഷ്യസ് |
| 03 | : | വി. പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ |
| 03-05 | : | സി.എം.എൽ. ക്രിസ്റ്റീൻ ധ്യാനം ആത്മജ്യോതി, അടിമാലി |
| 06 | : | വി. ഡോമിനിക്ക് സാവിയോ |
| 07-12 | : | എഫാത്ത ധ്യാനം, ആത്മജ്യോതി, അടിമാലി |
| 13 | : | വി. മത്തിയാസ് ശ്ലീഹാ |
| 13-14 | : | തിയോളജി കോഴ്സ്, ആത്മജ്യോതി, അടിമാലി |
| | : | എ.കെ.സി.സി. ട്രെയിനിംഗ്, തൃശൂർ കിലയിൽ |
| 15-17 | : | ക്രിസ്റ്റീൻ ധ്യാനം, ആത്മജ്യോതി, അടിമാലി |
| 18 | : | ഹോളി മീറ്റ് |
| 18-21 | : | ദമ്പതീ ധ്യാനം, ആത്മജ്യോതി, അടിമാലി |
| 20-21 | : | സെന്റ് വിൻസെന്റ് ഡി പോൾ C.C. വാർഷികം ആത്മജ്യോതി, അടിമാലി |
| 22-24 | : | വിവാഹ ഒരുക്കധ്യാനം, ആത്മജ്യോതി, അടിമാലി |
| 25 | : | നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം |
| 27 | : | ക്രിസ്തുജ്യോതി, വാർഷിക കൺവൻഷൻ |
| 28 | : | ക്രിസ്തുജ്യോതി, അദ്ധ്യായനവർഷാരംഭം 2017-18 |
| 31 | : | പരി. കന്യകാമറിയത്തിന്റെ സന്ദർശനം |

C. 12. സർക്കുലർ

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

# മെയ്ദിന സന്ദേശം 2017

മിശിഹായിൽ പ്രിയപ്പെട്ടവരേ,

1. തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിന്റെയും, തൊഴിലാളി ദിനമായി ആചരിക്കുന്ന മെയ്ദിനത്തിന്റെയും മംഗളങ്ങൾ എല്ലാവർക്കും പ്രത്യേകിച്ച് എല്ലാ തൊഴിലാളി സഹോദരങ്ങൾക്കും ഹൃദയപൂർവ്വം ആശംസിക്കുന്നു.

**എന്താണ് തൊഴിൽ?**

2. ലോകത്തെ പൂർണതയിലേക്കു നയിക്കാൻ ദൈവം മനുഷ്യനു നല്കിയിരിക്കുന്ന വിലമതിക്കാനാകാത്ത ദാനമാണ് അദ്ധ്വാനശേഷി. കായികശേഷിയും ചിന്താശേഷിയും സർഗശേഷിയും സമന്വയിപ്പിച്ച് മനുഷ്യൻ നടത്തുന്ന പ്രവൃത്തികളാണു മാനവസമൂഹത്തെ പുരോഗതിയിലേക്കു നയിക്കുന്നത്. വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും സുസ്ഥിതി കൈവരുത്തുന്ന ഉപാധിയും തൊഴിൽ തന്നെയാണ്. തിരുസ്സഭയുടെ സംരക്ഷകൻ എന്ന വിശിഷ്ട സ്ഥാനം തൊഴിലാളി മദ്ധ്യസ്ഥനായ യൗസേപ്പിതാവിന് തിരുസ്സഭനല്കി വണങ്ങുന്നത് (1870, ഒമ്പതാം പീയൂസ് പാപ്പ) ഈ പശ്ചാത്തലത്തിലാണ്. തൊഴിലാളികുടുംബത്തിൽ ജനിച്ച് (മത്താ. 13:55), തൊഴിലാളിയായി ജീവിതം നയിച്ച് (മർക്കോ 6:3), പരസ്യജീവിതത്തിൽ തൊഴിലാളികളെ കൂട്ടുചേർത്ത് (മാർക്ക് 1:16-20) സമഗ്രവിമോചനത്തിന്റെ സദ്വാർത്ത ലോകംമുഴുവൻ എത്തിക്കാൻ യേശുവിന് സാധിച്ചു. അതിനാൽ, തന്റെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും സംരക്ഷകൻ താൻതന്നെയാണെന്ന തിരിച്ചറിവും, ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അദ്ധ്വാനിക്കുന്നവരോടൊപ്പംചേർന്ന് ക്രിസ്തുവിന്റെ വിമോചനദൗത്യം പൂർത്തിയാക്കുകയാണ് തന്റെ ദൗത്യമെന്ന



അവബോധവുമാണ് ഓരോ തൊഴിലാളി ദിനാഘോഷത്തിൽ നിന്നും നാം സ്വന്തമാക്കേണ്ടത്.

**മെയ്ദിനം എന്ത്?**

3. മനുഷ്യർക്ക് തെല്ലും പ്രാധാന്യം നല്കാതെ അവരുടെ അധ്വാനശേഷിയെ പരമാവധി പ്രയോജനപ്പെടുത്തി ലാഭം വർദ്ധിപ്പിച്ച് ധനശേഷി കൂട്ടാൻ വ്യവസായ ഉടമകൾ പ്രകടമാക്കിയ ആർത്തിക്കെതിരേയാണ് 1886-ൽ ചിക്കാഗോയിൽ തൊഴിലാളികൾ സംഘടിച്ചത്. തൊഴിലാളികൾക്ക് മനുഷ്യരായി ജീവിക്കാനുള്ള അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള പോരാട്ടമായിരുന്നു അത്. ദാരിദ്ര്യത്തിന്റെയും അടിമത്തത്തിന്റെയും ചൂഷണത്തിന്റെയും കുരുക്കുകൾ പൊട്ടിക്കാൻ തൊഴിലാളികൾ നടത്തിയ ചിക്കാഗോ സമരത്തിന്റെ സ്മരണയായിട്ടാണു മെയ് ഒന്ന് അന്താരാഷ്ട്ര തൊഴിലാളി ദിനമായി ആചരിച്ചു വരുന്നത്.

**തൊഴിലും സഭാപ്രബോധനങ്ങളും**

4. വ്യവസായ വിപ്ലവത്തിന്റെ ഫലമായി രൂപംകൊണ്ട അതികഠിനമായ സാമൂഹിക സാഹചര്യങ്ങളെ അതിജീവിക്കാൻവേണ്ടി തൊഴിലാളിസമൂഹത്തെ ശക്തിപ്പെടുത്താനായിരുന്നു ഭാഗ്യസ്മരണാർഹനായ ലിയോ പതിമൂന്നാമൻ പാപ്പ 1891-ൽ'റേരും നൊവാരും' എന്ന ചാക്രികലേഖനം പ്രസിദ്ധീകരിച്ചത്. തിരുസ്സഭ എന്നും തൊഴിലാളികൾക്കൊപ്പമാണ് എന്ന ഒരു പ്രഖ്യാപനവുമായിരുന്നു അത്. അന്താരാഷ്ട്ര തൊഴിൽസംഘടന (ഐ.എൽ.ഒ.) ഉൾപ്പെടെ ദേശീയവും അന്തർദേശീയവും ആയ മിക്കവാറും എല്ലാ സംഘടനകളുടെയും, തൊഴിലാളിക്ഷേമത്തിനും അവകാശ സംരക്ഷണത്തിനായി ലോകമെങ്ങും പിന്നീട് രൂപംകൊണ്ടിട്ടുള്ള നിയമങ്ങളുടെയുമെല്ലാം പിന്നിലുള്ള മുഖ്യചാലകശക്തി 'റേരും നൊവാരും' തന്നെയാണ്. ലിയോ പതിമൂന്നാമൻ പാപ്പായ്ക്കുശേഷം തിരുസ്സഭയെ നയിച്ചിട്ടുള്ള എല്ലാ പരിശുദ്ധ പിതാക്കന്മാരും തങ്ങളുടെ പ്രബോധനങ്ങൾവഴിയും ഇടപെടലുകൾവഴിയും തൊഴിലാളികൾക്കുവേണ്ടി ശക്തമായി നിലകൊണ്ടവരാണ്. പരിശുദ്ധ ഫ്രാൻസിസ് പാപ്പായാകട്ടെ, നീതി നിഷേധിക്കപ്പെടുന്ന എല്ലാ ജനവിഭാഗ

ങ്ങൾക്കുമൊപ്പം തന്റെ പ്രബോധനങ്ങൾവഴിയും അതിലേറെ തന്റെ ജീവിതവും സ്വാധീനവുംവഴിയും അനിതരസാധാരണമായ ചൈതന്യത്തോടെ നിലകൊള്ളുന്നു.

**അസംഘടിത തൊഴിലാളികൾ: ഒരു അവലോകനം**

5. നമ്മുടെ രാജ്യത്തിലെ മൊത്തം തൊഴിൽ ശക്തി നാല്പത്തൊമ്പത് കോടിയോളം വരും. ഇതിൽ 94 ശതമാനംപേരും തൊഴിൽസുരക്ഷ, സാമൂഹികസുരക്ഷ, നിയമപരിരക്ഷ എന്നിവ ലഭ്യമല്ലാത്ത അസംഘടിത തൊഴിലാളികളാണ്. കേരളത്തിൽ വിവിധകാലങ്ങളിലെ സർക്കാരുകൾ അസംഘടിത തൊഴിലാളികൾക്കായി രൂപപ്പെടുത്തി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമപെൻഷനുകളും ക്ഷേമനിധി ഫണ്ടുകളും മറ്റ് ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് ആശാവഹമായ സുരക്ഷാബോധം നല്കുന്നുണ്ട്. ഏറെ കാലമായി ട്രെയ്ഡ് യൂണിയനുകളും കെ.എൽ.എം. ഉം നിരന്തരമായി ആവശ്യപ്പെട്ടുവരുന്ന പല കാര്യങ്ങളിൽ ഒന്നായ ക്ഷേമപെൻഷനുകൾ ചുരുങ്ങിയത് 1000 രൂപയാക്കിയതും, വർഷം തോറും 100 രൂപയുടെ വർദ്ധനവ് നടത്താമെന്ന വാഗ്ദാനം പാലിച്ച് ബഡ്ജറ്റിൽ ഈ വർഷം തന്നെ ഉൾപ്പെടുത്തിയതും കേരള സർക്കാരിന്റെ ശ്ലാഘനീയവും ആശാവഹവുമായ പ്രവൃത്തിയാണ്. വിലക്കയറ്റം, അഴിമതി, രാഷ്ട്രീയ വർഗീയ വിവേചനം, കോർപ്പറേറ്റ് മേഖലകളുടെ അഭൂതപൂർവ്വമായ വളർച്ച മുതലായവയിലൂടെ ഇന്നത്തെ തൊഴിലാളികൾ പ്രത്യേകിച്ച്, അസംഘടിത തൊഴിൽമേഖലയിലുള്ളവർ ഏറെ കഷ്ടതകൾ നേരിടുന്നു. നിത്യോപയോഗവസ്തുക്കളുടെ വിലക്കയറ്റം തൊഴിലാളികളെ തളർത്തിയിരിക്കുന്നു. ഈ അവസരത്തിൽ ഇരുട്ടടിയായിട്ടാണ് പുതിയ റേഷൻ സമ്പ്രദായം നിലവിൽ വരുന്നത്. അസംഘടിത മേഖലയിലെഭൂരിപക്ഷം തൊഴിലാളികളും മുൻഗണനാ വിഭാഗത്തിൽ ഒഴിവാക്കപ്പെട്ടിരിക്കുന്നു. മത്സ്യത്തൊഴിലാളികളും ഗാർഹികത്തൊഴിലാളികളും കർഷക ത്തൊഴിലാളികളുമെല്ലാം ഇതിലൂടെ റേഷൻസമ്പ്രദായത്തിനു പുറത്തായിരിക്കുന്നു. നോട്ടു നിരോധനത്തിലൂടെ തകർന്നടിഞ്ഞ തൊഴിൽമേഖല വറചട്ടിയിൽനിന്നും എരിതീയിലേക്ക് എന്ന അവസ്ഥയിൽ എത്തപ്പെട്ടിരിക്കുന്നു. രാജ്യത്തെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ 60 ശതമാനം അസംഘടിത മേഖലയുടെ



സംഭാവനയാണ്. എന്നിട്ടും മനുഷ്യോചിതമായി കുടുംബത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാനുള്ള പ്രതിഫലം, ഗ്രാന്റുകൾ, അലവൻസുകൾ, പെൻഷൻ, വിശ്രമം, ചികിത്സാനുകൂല്യം, ആരോഗ്യപരമായ തൊഴിൽ സാഹചര്യം തുടങ്ങിയവയെല്ലാം നിഷേധിക്കപ്പെട്ട് ആ മേഖലയിലുള്ളവർ പാർശ്വവത്ക്കരിക്കപ്പെട്ടവരും ദരിദ്രരുമായി മാറിയിരിക്കുന്നു. രാജ്യത്തെ കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകളിൽ അസംഘടിത തൊഴിലാളികൾക്ക് ജനസംഖ്യാനുപാതികമായി വേണ്ടത്ര വകയിരുത്തലുകൾ ഉണ്ടാകുന്നില്ല.

6. രാഷ്ട്രം വേഗത്തിൽ വളരുന്നുണ്ടെങ്കിലും വികസനത്തിന്റെ സദ്ഫലങ്ങൾ സമൂഹത്തിന്റെ താഴെത്തട്ടിലേക്ക് വിതരണം ചെയ്യപ്പെടുന്നില്ല എന്നാണു സ്ഥിതിവിവരക്കണക്കുകൾ വിശദമാക്കുന്നത്. സ്വത്തിന്റെ വലിയ തോതിലുള്ള കേന്ദ്രീകരണം ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുകയാണ്. രാജ്യത്തെ ഒരു ശതമാനം വരുന്ന അതിസമ്പന്നർ രാജ്യത്തെ മുഴുവൻ സ്വത്തിന്റെയും 58.4 ശതമാനവും കയടക്കിയിരിക്കുന്നു (*ഓക്സ്ഫാം റിപ്പോർട്ട് 2016*). പൊതുസ്വത്ത് തട്ടിയെടുത്ത് രാജ്യം വിടുന്നവരും ലക്ഷം കോടികളുടെ നികുതിയിളവ് നേടിയെടുക്കുന്ന കോർപ്പറേറ്റുകളും പണത്തിന്റെ ബലത്തിൽ നിയമത്തെയും അധികാരികളെയും കൂടെനിർത്തുന്ന സമ്പന്നരും സ്വത്ത് വാരികൂട്ടി നിറയ്ക്കുമ്പോൾ അതിൽനിന്നും വീഴുന്നവ കൊണ്ടു മാത്രം വിശപ്പടക്കേണ്ട ഗതികേടിലേക്ക് ഈ രാജ്യത്തെ അടിസ്ഥാന തൊഴിലാളി സമൂഹം നിപതിച്ചിരിക്കുന്നു. ആയിരക്കണക്കിനു കോടിരൂപയുടെ വായ്പയെടുത്ത് മനഃപൂർവം തിരിച്ചടക്കാത്ത വൻകിടക്കാരുടെ പേരുവിവരങ്ങൾ സുപ്രീം കോടതി ആവശ്യപ്പെട്ടിട്ടുപോലും ലഭ്യമാക്കാത്ത അധികാരികൾ പതിനായിരങ്ങൾ കടമെടുത്തിട്ട് പരാധീനതകൾമൂലം തിരിച്ചടക്കാനാകാത്ത സാധാരണക്കാരെ ജപ്തിയും സർഫാസി നിയമവും കുടിയിറക്കലും പ്രയോഗിച്ച് കഷ്ടത്തിലാക്കുന്നത് യാതൊരു തരത്തിലും ന്യായീകരിക്കാനാകില്ല. മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തങ്ങളുടെ ആജ്ഞാനുവർത്തികളാക്കി തൊഴിലാളി യൂണിയനുകളെ മാറ്റിയതിനാൽ പ്രതിരോധത്തിന്റെ പ്രതീക്ഷയും നഷ്ടമായിരിക്കുന്നു. കേന്ദ്ര ട്രെയ്ഡ് യൂണിയനുകൾ കൂടുതൽ ഉത്തരവാദിത്വത്തോടെ ചുമതലകൾ

നിർവഹിക്കാൻ തയ്യാറാകാൻ ഇത്തരുണത്തിൽ ആഹ്വാനം ചെയ്യുന്നു. ഈ സാഹചര്യത്തിൽ തൊഴിലാളികൾക്കുവേണ്ടിയുള്ള സഭയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തിപകരണം.

**അസംഘടിതതൊഴിലാളികളും സഭയും**

7. അസംഘടിത തൊഴിലാളികളുടെ ഇടയിലുള്ള പ്രവർത്തനങ്ങൾ സഭയുടെ പ്രേഷിതത്വത്തിന്റെ പ്രധാന ശ്രദ്ധാകേന്ദ്രമായി മാറേണ്ട തുണ്ട്. കെ.സി.ബി.സി. തൊഴിൽ കാര്യ കമ്മീഷന്റെ കീഴിലുള്ള കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനം ഇതിനായി എല്ലാ രൂപതകളിലും ഊർജ്ജിതമാക്കണം. സി.ബി.സി.ഐ. ലേബർ കമ്മീഷന്റെ തൊഴി ലാളി സംഘടനയായ വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ അംഗസം ഘടനയാണു കെ.എൽ.എം. എല്ലാ ഇടവകകളിലും കെ.എൽ.എം. യൂണിറ്റുകൾ സമയബന്ധിതമായി രൂപീകരിക്കണം. തൊഴിലാളി ശുശ്രൂഷാരംഗത്ത് പ്രവർത്തിക്കാനായി പ്രേഷിത ചൈതന്യവും സമർപ്പണബുദ്ധിയും നേതൃത്വപാടവവുമുള്ള അല്മായരെ കണ്ടെത്തി പരിശീലനം നല്കണം. വൈദികരും സന്ന്യസ്തരും തൊഴിലാളി ശക്തീകരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നല്കണം. വിവിധ വിഭാഗം അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമായി കെ.എൽ.എം.ന്റെ നേതൃത്വത്തിൽ എട്ട് തൊഴിലാളി ഫോറങ്ങൾ പ്രവർത്തിച്ചുവരു ന്നുണ്ട്. ഇവ സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ്. നിർമ്മാണത്തൊഴിലാളി, തയ്യൽതൊഴിലാളി, ഗാർഹികത്തൊഴിലാളി, മത്സ്യത്തൊഴിലാളി, മോട്ടോർ വാഹന തൊഴിലാളി, കർഷകത്തൊഴി ലാളി, ചെറുകിടതോട്ടം തൊഴിലാളി, പീടികത്തൊഴിലാളി എന്നീ ഫോറങ്ങളാണ് പ്രധാനമായും പ്രവർത്തിക്കുന്നത്. ഇവയിലൂടെ എല്ലാ മതവിഭാഗങ്ങളിലും ഉൾപ്പെട്ട തൊഴിലാളികൾക്ക് പരിശീലനങ്ങളും സഹായങ്ങളും കെ.എൽ.എം. നല്കിവരുന്നു. അസംഘടിതതൊഴി ലാളികൾക്ക് സർക്കാർ നല്കുന്ന സാമൂഹിക സുരക്ഷാ അംഗത്വം ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ എല്ലാവർക്കും എളുപ്പ ത്തിൽ ലഭ്യമാക്കുവാനായി വിവിധ തൊഴിലാളി ഫോറങ്ങൾ വഴി സാധിക്കുന്നു. അതിനാൽ മേൽസൂചിപ്പിച്ച തൊഴിൽ വിഭാഗങ്ങൾക്കാ യുള്ള പ്രവർത്തനങ്ങൾ എല്ലാ രൂപതകളും ഇടവകകളും ഏറ്റെടു ക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.



8. സഭയുടെ സ്ഥാപനങ്ങളിലും സംവിധാനങ്ങളിലും തൊഴിൽ ചെയ്യു ന്നവർക്ക് നിലവിലെ സാമൂഹികസാമ്പത്തിക സാഹചര്യങ്ങളെ അതി ജീവിക്കാനുള്ള പശ്ചാത്തല സൗകര്യങ്ങൾ അനുകമ്പാപൂർണമായ മനോഭാവത്തോടെ സൃഷ്ടിച്ചുനല്കാൻ കഴിയണം. സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങൾക്ക് അനുസൃതമായാണു സഭ യിലെ എല്ലാ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കണം. ഇക്കാര്യവുമായി ബന്ധപ്പെട്ടാണു കെ.സി.ബി.സി. പീപ്പിൾ മാനേജ ്മെന്റ് പോളിസി പുറത്തിറക്കിയിരിക്കുന്നത്. സി.ബി.സി.ഐ. ലേബർ കമ്മീഷനും സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച ഒരു മാർഗരേഖ പുറത്തിറക്കിയിട്ടുണ്ട്. സഭാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ കൾ രൂപപ്പെടുത്തുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ഒത്താശകൾ നല്കാൻ കെ.എൽ.എം.നെയാണു കെ.സി.ബി.സി. ചുമതലപ്പെടു ത്തിയിരിക്കുന്നത്. എല്ലാ രൂപതകളും സന്ന്യാസ സമൂഹങ്ങളും ഇ ക്കാര്യത്തിൽ വേണ്ട നടപടികൾ താമസംവിനാ സ്വീകരിക്കുന്നത് നീതിയെ സംബന്ധിച്ച് സാരാംശപരമാണ്. നമ്മുടെ നാടിന്റെ സാമ്പ ത്തിക സാഹചര്യങ്ങളെ മെച്ചപ്പെടുത്തുന്ന ഒരു വിഭാഗമാണ് സ്വകാര്യമേഖലയിലെ സംരംഭകരും വിവിധ തൊഴിൽ ദാതാക്കളും. അവരുടെകൂടെ ജോലി ചെയ്യുന്നവരെയും അവരുടെ കുടുംബാംഗ ങ്ങളെയും പരിഗണിക്കുന്നതും, ജീവിതകാലം മുഴുവൻ സ്ഥാപന ത്തിന്റെഭൗതികവളർച്ചയ്ക്കായി അധ്വാനിക്കുകയും ജീവിതം നഷ്ടപ്പെടുത്തുകയും ചെയ്യുന്ന തൊഴിലാളികളുടെ വാർദ്ധക്യകാല സാഹചര്യങ്ങളിലും സുരക്ഷയേകുന്ന രീതിയിൽ വേതനവും മറ്റ് തുടർആനുകൂല്യങ്ങളും നിശ്ചയിച്ചു നല്കണം.

**ഇതരസംസ്ഥാനത്തൊഴിലാളികൾ**

9. കേരളത്തിൽ ഏകദേശം മുപ്പതുലക്ഷത്തോളം ഇതരസംസ്ഥാന തൊഴിലാളികൾ ജോലിയെടുക്കുന്നു എന്നാണ് കണക്ക്. ഇവരോട് കുറച്ചുകൂടി അനുകമ്പാപരമായ സമീപനം കേരള സമൂഹം സ്വീകരി ക്കേണ്ടതുണ്ട്. ഇവരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കേണ്ടതാ യിട്ടുണ്ട്. ഇതിന്റെഭാഗമായി ഈ വിഭാഗം തൊഴിലാളികളുടെ അവകാശസംരക്ഷണവും ക്ഷേമവും ലക്ഷ്യമാക്കിക്കൊണ്ട് രജി

സ്ട്രേഷൻ നടത്തുന്നതിനായി വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെയും കെ.എൽ.എം.ന്റെയും ആഭിമുഖ്യത്തിൽ ഒരു വെബ് പോർട്ടൽ (www.wifmdm.com) ദേശീയ തലത്തിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. എല്ലാ രൂപതകളിലും വർക്കേഴ്സ് ഫെസിലിറ്റേഷൻ സെന്ററുകൾ തുറക്കുകയും ഈ അവസരം പ്രയോജനപ്പെടുത്തുകയും ചെയ്യണം.

**സമഗ്രവീക്ഷണം**

10. വിപണിയുടെ അദൃശ്യശക്തികളെയും അദൃശ്യകരത്തെയും നമുക്കിനി ഒട്ടും വിശ്വസിക്കാനാവുകയില്ല. നീതിയിലുള്ള വളർച്ചയ്ക്ക് സാമ്പത്തിക വളർച്ച മുൻകൂട്ടി വേണമെങ്കിലും അതിനെക്കാൾ കൂടുതൽ പലതും ആവശ്യമാണ്: വരുമാനത്തിന്റെ കൂടുതൽ നല്ല വിതരണം, തൊഴിലിനുള്ള ഉറവിടങ്ങളുടെ സൃഷ്ടി, ലളിതമായ ഒരു ക്ഷേമമനോഭാവത്തിനപ്പുറം പോകുന്നതും ദരിദ്രർക്കു വേണ്ടിയുള്ളതുമായ ഒരു സമഗ്ര വളർച്ച എന്നിവയിലേക്ക് പ്രത്യേകമായി തിരിച്ചുവിട്ടിട്ടുള്ള തീരുമാനങ്ങളും കർമ്മപരിപാടികളും സംവിധാനങ്ങളും പ്രക്രിയകളും അതിന് ആവശ്യമാണ് *(ഫ്രാൻസിസ് പാപ്പ, സുവിശേഷത്തിന്റെ സന്തോഷം, 204).* ഇന്ന് വളർന്നുവന്നിരിക്കുന്ന അസമത്വം ദുരീകരിച്ചാൽമാത്രമേ നീതിയും സമാധാനവും സാധ്യമാകൂ. ഇതിനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. അതിനായി രാജ്യത്തെ മുഴുവൻ തൊഴിലാളികൾക്കും ആരോഗ്യ ഇൻഷുറൻസ്, അപകട ഇൻഷൂറൻസ്, പെൻഷൻ പദ്ധതി എന്നിവ സൗജന്യമായോ പങ്കാളിത്തത്തോടെയോ നടപ്പിലാക്കണം. ഈ മേഖലയിൽ ഇപ്പോൾ നിലവിലുള്ള പദ്ധതികൾ കൂടുതൽ ലളിതവും ആകർഷകവുമാക്കേണ്ടതുണ്ട്. എല്ലാ തൊഴിലാളി കുടുംബങ്ങൾക്കും സ്വന്തമായി വീട് ലഭ്യമാക്കാനുള്ള പദ്ധതിക്ക് രൂപം നല്കാൻ സർക്കാർ മുൻകൈ എടുക്കണം. പണമുള്ളവർമാത്രം ഉന്നത വിദ്യാഭ്യാസം നേടുന്ന നിലവിലെ സാഹചര്യം അസംഘടിത തൊഴിലാളിയുടെ കുട്ടികളുടെ ഉപരിപഠനം അസാധ്യമാക്കുന്നു. ഇതിനെ അതിജീവിക്കാൻ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സംവരണവും സ്കോളർഷിപ്പും നൽകാൻ സർക്കാർ നടപടി സ്വീകരിക്കണം. കേരളത്തിൽ നിലവിലുള്ള ക്ഷേമനിധി ബോർഡുകളുടെ



പ്രവർത്തനം കൂടുതൽ സജീവമാക്കണം. ആനുകൂല്യങ്ങൾ വെട്ടിക്കുറക്കുന്നതിനുപകരം പ്രതിസന്ധികളെ അതിജീവിക്കാൻ തക്കവിധം സഹായങ്ങൾ വർദ്ധിപ്പിക്കണം. മുഖ്യധാര ട്രേഡ് യൂണിയനുകൾ അമിത രാഷ്ട്രീയ അടിമത്വം വെടിഞ്ഞ് തൊഴിലാളിപക്ഷത്തുനിന്ന് നിലപാടുകൾ സ്വീകരിക്കണം.

11. അവകാശങ്ങളെക്കുറിച്ച് ചിന്തിക്കാനുള്ള അവസരമായിമാത്രം തൊഴിലാളിദിനത്തെ പരിമിതപ്പെടുത്തരുതെന്നാണ് തൊഴിലാളികളോട് അഭ്യർത്ഥിക്കാനുള്ളത്. ഓരോ തൊഴിലാളിയും തങ്ങളുടെ തൊഴിൽ സത്യസന്ധതയോടെ നിർവഹിക്കേണ്ടതുണ്ടെന്നു മറക്കരുത്. കർഷകൻ ഉൾപ്പെടെ അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന ഏവരും ഏതു സാഹചര്യങ്ങളിലും ജീവിതാവസ്ഥയിലും അവർ ചെയ്യുന്ന തൊഴിലുകളെ അഭിമാനത്തോടെ ഏറ്റുപറയാൻ സന്നദ്ധരുമാകണം. വിഭവങ്ങളുടെ മിതമായ വിനിയോഗം, സ്ഥാപനത്തിന്റെ സുസ്ഥിതി, തൊഴിൽദാതാവിനോടുള്ള ആദരം, ഏറ്റെടുത്ത തൊഴിലിന്റെ ഗുണപരവും സമയ ബന്ധിതവുമായ പൂർത്തീകരണം എന്നിവയും തൊഴിലാളിയുടെ കടമയാണെന്ന കാര്യം മറക്കരുത്. കൂടാതെ പ്രതിസന്ധിനിറഞ്ഞ സാഹചര്യങ്ങളെ അതിജീവിക്കാൻ സ്വയം കരുത്താർജ്ജിക്കുകയും ലഭ്യമാകുന്ന സാധ്യതകൾ പ്രയോജനപ്പെടുത്തുകയും വേണം. വിളക്കിൽ എണ്ണകരുതാതിരുന്ന സ്ത്രീകൾ തെരഞ്ഞെടുക്കപ്പെടാതെ പോയതായ ഉപമ സുവിശേഷത്തിൽ നാം വായിക്കുന്നു (മത്താ. 25:112). സാഹചര്യങ്ങൾ മുന്നിൽകണ്ട് കരുതൽ എടുക്കേണ്ടതിന്റെ പ്രാധാന്യമാണ് ഇതിലൂടെ നാം മനസ്സിലാക്കേണ്ടത്. ക്ഷേമനിധികൾ, പെൻഷൻ സ്കീമുകൾ, ഇൻഷുറൻസ് പദ്ധതികൾ, സ്വയം സഹായ സംഘങ്ങളിലൂടെയുള്ള ശക്തീകരണപ്രവർത്തനങ്ങൾ തുടങ്ങിയവയിലുള്ള പങ്കാളിത്തത്തിലൂടെ കരുതലെടുക്കേണ്ടതും, തന്റെ തൊഴിൽമേഖലയിൽ പ്രാവീണ്യവും വൈദഗ്ദ്യവും വർദ്ധിപ്പിക്കാൻ പരിശീലനങ്ങൾ നേടേണ്ടതും ഓരോ തൊഴിലാളിയുടെയും കടമയാണ്. ഐ.ടി. മേഖല പോലുള്ള ആധുനിക തൊഴിൽസാഹചര്യങ്ങളിൽ വ്യക്തിജീവിതവും കുടുംബം പോലും അവഗണിച്ചുള്ള അധ്വാനരീതികളും അപകടവും ശ്രദ്ധാപൂർവ്വം പരിഹരിക്കപ്പെടേണ്ടതുമാണ്.

12. തൊഴിലാളിയും തൊഴിൽദാതാവും തങ്ങളുടെ അവകാശങ്ങളെയും കടമകളെയും ഒരേ നാണയത്തിന്റെ ഇരുപുറങ്ങളായിക്കണ്ട് പരസ്പര സഹകരണത്തിന്റെയും ബഹുമാനത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കണം. രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന അസംഘടിത തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യം വയ്ക്കാൻ സർക്കാരും ഭരണാധികാരികളും സ്ഥാപന ഉടമകളും തയ്യാറാകണം. പണത്തെക്കാളും ലാഭത്തെക്കാളും മൂല്യവും മഹത്ത്വവും തൊഴിലിനും തൊഴിലിന്റെ ഉടമയായ മനുഷ്യനും നല്കണം. കാരണം, തൊഴിലിലല്ല മഹത്വം അടങ്ങിയിരിക്കുന്നത്; അതു ചെയ്യുന്ന മനുഷ്യനിലാണ്.

13. തൊഴിലാളിദിനത്തിന്റെ ആശംസകളും വിശുദ്ധ യൗസേഫിന്റെ മാധ്യസ്ഥ്യവും പ്രാർത്ഥനകളും ഒരിക്കൽ കൂടി നേരുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈക ദൈവത്തിന്റെ അനുഗ്രഹവും കൃപയും നിങ്ങൾ ഏവരോടുംകൂടെ ഉണ്ടാകട്ടെ.

മിശിഹായിൽ സ്നേഹപൂർവം

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
(ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)

**ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)

**ബിഷപ് ഡോ. ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025





# രൂപതക്കച്ചേരി

## C. 24/17 Presbyterium

The Annual meeting of the Presbyterium of our Eparchy will be held on Tuesday 27th June 2017 at Atmajyothy, Adimali from 10 a.m. to 4 p.m.

*Bishop*

## C. 25/17 ആണ്ടുതിരട്ട്

2016-17 സാമ്പത്തിക വർഷത്തിലെ തിരട്ട് കണക്കുകൾ മെയ് 9, 10, 22, 23 തീയതികളിൽ രൂപതാ കേന്ദ്രത്തിൽ കൊണ്ടുവന്ന് ഓഡിറ്റ് ചെയ്ത് സമർപ്പിക്കേണ്ടതാണ്. 9, 10 തീയതികളിൽ ഈ വർഷം സ്ഥലം മാറ്റമുള്ള താഴെപ്പറയുന്ന ഫൊറോനകളിലെ ബ. വികാരിമാരും 22, 23 തീയതികളിൽ ശേഷമുള്ള ബ. വികാരിമാരും താഴെപ്പറയുന്ന ക്രമത്തിൽ തന്നെ ഹജരാകാൻ ശ്രദ്ധിക്കുമല്ലോ. തിരട്ടു കൊണ്ടുവരുമ്പോൾ രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ട തുകയും ചുവടെ ചേർക്കുന്ന രേഖകളും കൃത്യമായി കൊണ്ടുവരാൻ ശ്രദ്ധിക്കേണ്ടതാണ്. ഭദ്രാസന ഫീസിനോടൊപ്പം എല്ലാ ഇടവകകളിൽനിന്നും ബഹു. വൈദികരുടെ 13-ാം മാസത്തെ അലവൻസും രൂപതാകച്ചേരിയിൽ ഏല്പ്പിക്കേണ്ടതാണ്. 13-ാം മാസ അലവൻസ് ഏല്പ്പിക്കേണ്ട തുക 10000 രൂപയാണ്.

**കൊണ്ടുവരേണ്ട രേഖകൾ**

(1) Receipts and Payments (2) Trial Balance/തിരട്ടുപകർപ്പ് (3) തിരട്ടുബുക്ക് (4) പേരേട് (5) നാൾവാഴി (6) 01-04-2016 മുതൽ 31-03-2017 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ്/Updated Pass Book (7) Balance Confirmation Certificate as on 31-03-2017 (8) Copy of FD Receipts (if any) (9) Bills and Vouchers.

**സമയക്രമം**

മെയ് 9/22 ചുരുളി, വാഴത്തോപ്പ്, കുമ്പൻപാറ, വെള്ളത്തൂവൽ, പാറത്തോട് ഫൊറോനകൾ.

മെയ് 10/23 വെള്ളയാംകുടി, ഇരട്ടയാർ, തങ്കമണി, നെടുംകണ്ടം, രാജാക്കാട് ഫൊറോനകൾ.

*Finance Officer*

## C. 26/17 Monthly Recollection for Priests

ജനുവരി മാസത്തെ പഠനവിഷയം: യുകാറ്റ് (YOUCAT) 34, 35, 36 നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto-syncellus*

## C. 27/17 രൂപതാ ഡിറക്ടറിയിലേക്കുള്ള വിവരങ്ങൾ

രൂപതാ ഡിറക്ടറിയിൽ ഏതെങ്കിലും തിരുത്തലുകളോ, അഡ്രസ്സു മാറ്റമോ, പുതിയ വിവരങ്ങളോ ചേർക്കാനുണ്ടെങ്കിൽ ബന്ധപ്പെട്ടവർ 2017 മെയ് 31-ാം തീയതിക്കകം വിവരം രൂപതാ ചാൻസലറെ അറിയിക്കേണ്ടതാണ്.

*Chancellor*

## C. 28/17 മ്ശംശാന, ഹെവ്പ്പദ്യാക്ക്ന, കാറോയ പട്ടങ്ങളുടെ സ്വീകരണം

2016-17 വർഷത്തിൽ മ്ശംശാന, ഹെവ്പ്പദ്യാക്ക്ന, കാറോയ പട്ടങ്ങൾ സ്വീകരിച്ച സെമിനാരി വിദ്യാർത്ഥികൾ.

**മ്ശംശാന പട്ടം**

ഐക്കരപ്പറമ്പിൽ ജോസഫ് - എഴുകുംവയൽ
വട്ടപ്പാറയിൽ ജോസഫ് - മുളകുവള്ളി
കുത്തനാപള്ളിൽ അഗസ്റ്റിൻ - വാഴത്തോപ്പ്
കോലത്തുപടവിൽ ജോർജ്ജ് - ഇരുമ്പുപാലം
മേനാംതുണ്ടത്തിൽ തോമസ് - ശാന്തിഗ്രാം



കുറ്റിക്കാട്ട് ജോസഫ് - തോപ്രാംകുടി
അയിലുക്കുന്നേൽ ജോസഫ് - കുതിരക്കല്ല്
ഇളംപുരയിടത്തിൽ സെബാസ്റ്റ്യൻ - എഴുകുംവയൽ
പള്ളിവാതുക്കൽ ജോർജ്ജ് - ഇരട്ടയാർ
വരകിൽ ജോസഫ് - ചുരുളി
ഊരോത്ത് ജോൺ - ഇരട്ടയാർ
മനക്കലേട്ട് സെബാസ്റ്റ്യൻ - കോഴിമല

**ഹെവ്പ്പദ്യാക്ക്ന പട്ടം**

കൈപ്പയിൽ സ്കറിയ - ശാന്തിഗ്രാം
മേക്കുന്നൽ ജോസഫ് - മഞ്ഞപ്പെട്ടി
പുളിക്കക്കുന്നേൽ ജോസഫ് - വാഴത്തോപ്പ്
ഉദയംപാറയിൽ ജോസഫ് - മാലിപ്പാറ
കണ്ണംപ്ലാക്കൽ തോമസ് - കഞ്ഞിക്കുഴി

**കാറോയ പട്ടം**

കാട്ടുപാലത്ത് മാത്യു - തങ്കമണി
കൊച്ചുപറമ്പിൽ അബ്രാഹം - കട്ടക്കാല
കല്ലറയ്ക്കൽ ജോസഫ് - എല്ലക്കൽ
മങ്ങാടൻപള്ളി ജേക്കബ് - കോമ്പയാർ
മണിമലക്കുന്നേൽ അബ്രാഹം - എഴുകുംവയൽ
മണ്ണുക്കുളം മാത്യു - മഞ്ഞപ്പാറ
താണോലിൽ ജോസഫ് - തോപ്രാംകുടി
ഉമ്മിക്കുന്നേൽ ജോസഫ് - തൊവരയാർ
ഉറുമ്പിൽ തോമസ് - മണിയാറൻകുടി
വരകുകാലായിൽ തോമസ് - ചെമ്പകപാറ
വട്ടത്തറയിൽ സെബാസ്റ്റ്യൻ - ബഥേൽ
വട്ടക്കുന്നേൽ ജയിംസ് - കരിമ്പൻ
വെള്ളകുളമ്പേൽ ജേക്കബ് - മാങ്കുളം
വെട്ടുകല്ലേൽ സെബാസ്റ്റ്യൻ - രാജമുടി

*Bishop*

## C. 29/17 ഭവന നിർമ്മാണ സഹായം

ദളിത് കത്തോലിക്കാ വിഭാഗത്തിൽപ്പെട്ട നിർദ്ധനരും ഭവന രഹിതരുമായവർക്ക് ഭവന നിർമ്മാണത്തിനായി കെ.സി.ബി.സി. കമ്മീഷൻ സഹായം നൽകുന്നു. അർഹരായവർ ബഹു. വികാരിയച്ചന്മാരുടെ ശുപാർശയോടുകൂടി മെയ് 15-ാം തീയതിക്കു മുമ്പായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് രൂപതാ കേന്ദ്രവുമായി ബന്ധപ്പെടുക.

*Bishop*

## C. 29/17 തിരുനാൾ ആശംസകൾ

| | |
|---|---|
| റവ. ഫാ. ഫിലിപ്പ് ഐക്കര | മെയ് 3 |
| റവ. ഫാ. ഫിലിപ്പ് മറ്റം | ” |
| റവ. ഫാ. ഫിലിപ്പ് പാറയ്ക്കൽ | ” |
| റവ. ഫാ. ഫിലിപ്പ് പെരുന്നാട്ട് | ” |
| റവ. ഫാ. ഫിലിപ്പ് താഴത്തുവീട്ടിൽ | ” |

*Bishop*

# ക്രിസ്തുജ്യോതി

## CJ. 32/17 ട്രോഫികൾ

2015-2016 അദ്ധ്യായന വർഷം സമ്മാനമായി ലഭിച്ച ട്രോഫികൾ ക്രിസ്തുജ്യോതി ഓഫീസിൽ എത്തിച്ചിട്ടില്ലാത്ത ഇടവകകൾ എത്രയും വേഗം അവ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## CJ. 33/17 S.S.C, H.C.C റിസൽട്ട്

സൺഡേ സ്കൂൾ വാർഷിക പരീക്ഷയുടെ S.S.C, H.C.C റിസൽറ്റുകൾ മെയ് 10-ാം തീയതിക്കുശേഷം ക്രിസ്തുജ്യോതി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.



## CJ. 34/17 സപ്ലിമെന്ററി പരീക്ഷ X, XII

ഏപ്രിൽമാസം നടന്ന ആനുവൽ പരീക്ഷയിൽ X, XII ക്ലാസുകളിൽ പാരാജയപ്പെട്ട കുട്ടികൾക്കും ഏപ്രിൽമാസം പരീക്ഷയെഴുതാൻ കഴിയാത്ത കുട്ടികൾക്കുമായി ജൂൺമാസം 11-ാം തീയതി സപ്ലിമെന്ററി പരീക്ഷ ഉണ്ടായിരിക്കും 10.00 am ന് അതാതു ഫൊറോനകളിൽ ആയിരിക്കും പരീക്ഷ നടക്കുക.

## CJ. 35/17 സൺഡേ സ്കൂൾ ബാഗ്

സൺഡേ സ്കൂൾ കുട്ടികൾക്കായി ബാഗ് തയ്യാറായിട്ടുണ്ട് വില. 60, 110.

## CJ. 36/17 സുവിശേഷോത്സവ് 2017

നമ്മുടെ സൺഡേ സ്കൂളുകളിൽ സുവിശേഷോത്സവ് ക്ലാസുകൾ വിജയകരമായി നടത്തുവാൻ പരിശ്രമിച്ച ബഹു. വികാരിയച്ചന്മാർ, മതാദ്ധ്യാപകർ, ഭക്തസംഘടനകൾ, പി. ടി. എ പ്രതിനിധികൾ എന്നിവർക്ക് അഭിനന്ദനങ്ങൾ.

## CJ. 37/17 അദ്ധ്യായനവർഷാരംഭം 2017-18

നമ്മുടെ രൂപതയിൽ 2017-18 അദ്ധ്യായനവർഷം മെയ് 28 ന് പ്രമോഷൻ ഡേയോടുകൂടി ആരംഭിക്കുന്നു. റഗുലർ ക്ലാസുകൾ ജൂൺ 4 ന് ആരംഭിക്കേണ്ടതാണ്. മതാദ്ധ്യാപകർ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ഒന്നിച്ചുകൂടി അടുത്ത അദ്ധ്യായന വർഷം കൂടുതൽ കാര്യക്ഷമമായി നടത്തുവാൻ വേണ്ട പദ്ധതികൾ പ്ലാൻ ചെയ്യുമല്ലോ.

## CJ. 38/17 വാർഷിക കൺവൻഷൻ

നമ്മുടെ രൂപതയിലെ സൺഡേ സ്കൂളുകളുടെ വാർഷിക കൺവൻഷൻ മെയ് 27-ാം തീയതി ശനിയാഴ്ച വാഴത്തോപ്പ് സെന്റ്. ജോർജ് സൺഡേ സ്കൂളിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 9.00 am ന് വിശുദ്ധ കുർബാനയോടെ കൺവൻഷൻ ആരംഭിക്കുന്നു. രജി. ഫീസ് Rs. 50 ആണ്. എല്ലാ സൺഡേ സ്കൂളുകളിലേയും

എച്ച്.എം, സ്റ്റാഫ് സെക്രട്ടറി, സുവിശേഷോത്സവ് ആനിമേറ്റേഴ്സ് എന്നിവർ കൺവൻഷനിൽ പങ്കെടുക്കേണ്ടതാണ്. അടുത്ത വർഷത്തേക്കുള്ള സൺഡേ സ്കൂൾ ഫയൽ കൺവൻഷനിൽ വച്ച് നല്കുന്നതാണ്. ലോഗോസ് ക്വിസ് സമ്മാനങ്ങൾ (ആദ്യത്തെ മൂന്ന് റാങ്കുകൾ) സൺഡേ സ്കൂൾ സ്കോളർഷിപ്പ് സമ്മാനങ്ങൾ (ആദ്യത്തെ മൂന്ന് റാങ്കുകൾ), ടീച്ചേഴ്സ് അവാർഡുകൾ, സൺഡേ സ്കൂൾ ഗ്രേഡ് സർട്ടിഫിക്കേറ്റുകൾ, സൺഡേസ്കൂൾ ടൈംസ് സമ്മാനം എന്നിവ കൺവൻഷനിൽ വച്ച് നൽകുന്നതാണ് .

## CJ. 39/17 സൺഡേ സ്കൂൾ പാഠപുസ്തകങ്ങൾ വിലവിവരം

| Class | Sunday Cat. | Work book | School Cat. | School Moral |
|---|---|---|---|---|
| I | 25 | 25 | 24 | 35 |
| II | 25 | 25 | 24 | 35 |
| III | 25 | 25 | 24 | 35 |
| IV | 25 | 25 | 24 | 35 |
| V | 30 | 25 | 24 | 40 |
| VI | 30 | 25 | 24 | 40 |
| VII | 30 | 25 | 24 | 40 |
| VIII | 30 | 25 | 24 | 40 |
| IX | 30 | 25 | 20 | 40 |
| X | 30 | 25 | 20 | 40 |
| XI | 30 | - | 30 | 20 |
| XII | 30 | - | 30 | 20 |

ഉപപാഠപുസ്തകം - Class V - 10, Class VI - 10, Class VII - 10.



## CJ. 40/17 രൂപതാതല സ്കോളർഷിപ് റിസൽട്ട്

**Class IV**

*Ist* - Felsia Jolly Valiyaputhenpurayil, St. George Sunday School, Vazhathoppe.
*IInd* - Alwa Anna Jose Poovathumkal, St. George Sunday School, Vazhathoppe.
*IIIrd* - Joyal Joseph Poovathumkal, Christhu Raj Sunday School, Rajakkadu.
*IVth* - Avila Siby Kanjirathumkunnel, St. Benedict Sunday School, Sleevamala.

**Class V**

*Ist* - Cinta Maria Thomas Pazhoor, St. George Sunday School, Vazhathoppe.
*IInd* - Annmaria Sijo Mangalathil, St. George Sunday School, Vazhathoppe.
*IIIrd* - Josna John Punnathany, St. George Sunday School, Vazhathoppe.
*IVth* - Jovana Mejo Aranjaniyil, St. Sebastian's Sunday School, Bhoomiyamkulam.

**Class VI**

*Ist* - Denna Tomy Puthuserikunnel, St. George Sunday School, Vazhathoppe.
*IInd* 1- Minnu Emmanuel Assarikudiyil, St. George Sunday School, Vazhathoppe.
2- Ann Karol James Iykkarakunnel, Christhu Raj Sunday School, Rajakkadu.
*IIIrd* - Alent Shibu Kovoor, Christhu Raj Sunday School, Rajakkadu.
*IVth* - Jisna Sijo Karimakal, Christhu Raj Sunday School, Rajakkadu.

**Class VII**

*Ist* 1- Manu Emmanuel Assarikudiyil, St. George Sunday School, Vazhathoppe.
2- Jinta Teres Thomas Pazhoor, St. George Sunday School, Vazhathoppe.
*IInd* - Ans Jimmy Kuthanapillil, St. George Sunday School, Vazhathope.
*IIIrd* - Kiran Thomas Kaviyil, Christhu Raj Sunday Sunday School, Rajakkadu.
*IVth* - Anitta Shaji Vellapillyil, Christhu Raj Sunday School, Rajakkadu.

**ClassVIII**

*Ist* 1- Liyo Gigi Koottumkal, St. George Sunday School, Vazhathoppe.
2- Amanta Benny Palakunnel, St. George Sunday School, Vazhathoppe.
*IInd* - Asha Philip Vadadara, Christhu Raj Sunday School, Rajakkadu.
*IIIrd* - Jis Maria Johnson Kalapurackal, St. George Sunday School, Vazhathoppe.
*IVth* - Ayonna Siby Kappilumackal, Christhu Raj Sunday School, Rajakkadu.

### Class IX

*I^st^* - Anumaria Saji Puthusserikunnel, St. George Sunday School, Vazhathoppe.
*II^nd^* - Helen Rose Paul Assarikudiyil, St. George Sunday School, Vazhathoppe.
*III^rd^* - Irin Johns Poovathunkal, St. George Sunday School, Vazhathoppe.
*IV^th^* - Arsha Biju Chakariyamthadathil, St. Sebastians's Sunday School, Pottenkad.

### Class X

*I^st^* - Annie Jimmy Kuthanappillil, St. George Sunday School, Vazhathoppe.
*II^nd^* - Josna George Kallattu, St. George Sunday School, Vazhathoppe.
*III^rd^* - Deena Mathew Elavumkal, St. Mary's Sunday School, Murickassery.
*IV^th^* - Athira Roy Puthusserikunnel, St. George Sunday School, Vazhathoppe.

## CORPORATE EDUCATIONAL AGENCY

**Edn.19/17 പരിശീലന പരിപാടികൾ**

ഇടുക്കി രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ നേതൃത്വത്തിൽ കരിമ്പനിൽ മാർ സ്ലീവാ സെന്റർ ഫോർ എക്സലൻസിൽ TET പരിശീലനവും, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകളും ആരംഭിക്കുന്നു. അദ്ധ്യാപകാർത്ഥികൾക്ക് TET പരിശീലനവും സ്കൂൾ കുട്ടികൾക്കായി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകളും 2017 മെയ് 08 ന് ആരംഭിക്കുന്നതാണ്. താല്പര്യമുള്ളവർ രൂപതാ വിദ്യാഭ്യാസ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## സോഷ്യൽ സർവ്വീസ്

**SS 43/17 കോഴിക്കുഞ്ഞും കോഴിക്കൂടും വിതരണം**

ഭിന്നശേഷിയുള്ളവരുടെ സംഘടനയായ തീരം അംഗങ്ങൾക്ക് തോപ്രാംകുടി, തങ്കമണി, ചുരുളി, വാത്തിക്കുടി എന്നീ സ്ഥലങ്ങളിലായി 15 കോഴിക്കൂടും 250 കോഴിക്കുഞ്ഞുങ്ങളും



കുറഞ്ഞ നിരക്കിൽ, തവണ വ്യവസ്ഥയിൽ നൽകി, വരുമാന വർദ്ധനവിന് ഒരു തുടക്കം കുറിച്ചു.

**SS 44/17 കേരള വികലാംഗ കോർപ്പറേഷൻ ഗ്രാന്റ്**

തീരം സംഘടനയിലെ ആശ്രയ എസ്.എച്ച്.ജി. കനകക്കുന്നിനും, കാരുണ്യ എസ്.എച്ച്.ജി. തോപ്രാംകുടിക്കും കേരള വികലാംഗ കോർപ്പറേഷനിൽ നിന്ന് 5000/- രൂപ വീതം ഇവരുടെ പ്രവർത്തന മികവിന് അംഗീകാരമായി ഗ്രാന്റ് ലഭിച്ചു.

**SS 45/17 ലോൺ വിതരണം**

നബാർഡുമായി സഹകരിച്ച് സൊസൈറ്റി നടപ്പിലാക്കിയ ഹരിതഗ്രാമം, ഹരിത നിറവ് പദ്ധതികളിലായി 960000 രൂപ വിവിധ കാർഷിക ആവശ്യങ്ങൾക്കായി വായ്പ നൽകി.

**SS 46/17 സേവ് എ ഫാമിലി പ്ലാൻ മോണിറ്ററിംഗ് വിസിറ്റ്**

ഏപ്രിൽ 10, 11 തീയതികളിൽ രാജപുരം, പെരിഞ്ചാംകുട്ടി, മാവടി, മഞ്ഞപ്പാറ,പേഴുംകണ്ടം, വാഴവര, ലോവർ കുളമാവ്, കരിമ്പൻ എന്നീ സ്ഥലങ്ങളിലെ സേവ് എ ഫാമിലി പ്ലാൻ ഇൻഡ്യയുടെ കീഴിലുള്ള 12 ഗുണഭോക്താക്കളുടെ ഭവനങ്ങളിൽ അവരുടെ വരുമാന പുരോഗതി വിലയിരുത്തുന്നതിനായി കാലടിയിൽ നിന്നുള്ള സെൻട്രൽ ടീം സന്ദർശനം നടത്തി. ഏപ്രിൽ 12 ന് ഓഫീസ് ഫയലുകളും റിപ്പോർട്ടുകളും പരിശോധിച്ച് വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**SS 47/17 "ആശാകിരണം പദ്ധതി" അവലോകന മീറ്റിംഗ്**

എറണാകുളം വെൽഫെയർ സർവ്വീസ് ഓഫീസിൽ വച്ച് നടന്ന 'ആശാകിരണം' പദ്ധതിയുടെ അവലോകന മീറ്റിംഗിൽ പ്രോജക്ട് കോർഡിനേറ്റർ ശ്രീ. ബിനീഷ് കോട്ടൂർ പങ്കെടുക്കുകയുംഈ പദ്ധതിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷങ്ങളിൽ സൊസൈറ്റി നടത്തിയ പ്രവർത്തനങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. പ്രസ്തുത മീറ്റിംഗിൽ പദ്ധതിയുടെ ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയും അവ പ്രാവർത്തികമാക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

**SS 48/17 ഹരിതാഭം പദ്ധതി - ലോൺ വിതരണം**

സൊസൈറ്റി ഇടുക്കി ജില്ലാ സഹകരണ ബാങ്കുമായി സഹകരിച്ച് നടത്തുന്ന 'ഹരിതാഭം' പദ്ധതിയുടെ ഭാഗമായി പദ്ധതി പ്രദേശങ്ങളായ പൊട്ടൻകാട്, സ്ലീവാമല, ചേലച്ചുവട് എന്നിവിടങ്ങളിലെ കുടുംബങ്ങൾക്ക് വരുമാന വർദ്ധനവിനും, കാർഷിക ആവശ്യങ്ങൾക്കുമായി 14,00,000 രൂപയുടെ ലോണുകൾ വിതരണം ചെയ്തു. പരിപാടികൾക്ക് എച്ച്.ഡി.എസ്. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, ശ്രീ. സിബി മാളിയേക്കൽ, ശ്രീ. ബിനീഷ് കോട്ടൂർ എന്നിവർ നേതൃത്വം നൽകി.

**SS 49/17 ദുരിതാശ്വാസ നിധി**

സൊസൈറ്റിയിൽ നിന്നും മാർച്ച് മാസം ചികിത്സക്കും, ഭവന നിർമ്മാണത്തിനുമായി 23000 രൂപയുടെ ധന സഹായം നൽകി.

**SS 50/17 പ്രവർത്തന അവലോകന യോഗം**

ഇടുക്കി സ്പൈസസ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ പി.ഐ.എം.സി. മീറ്റിംഗ് ഏപ്രിൽ 7-ാം തീയതി വെള്ളിയാഴ്ച നബാർഡിന്റെ ജില്ലാ ഓഫീസിൽ വച്ച് നടന്നു. മീറ്റിംഗിൽ പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. സിബി മാളിയേക്കൽ, കമ്പനി സി.ഇ.ഒ. ബിബിൻ തോമസ്, ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവർ സംബന്ധിച്ചു.

**SS 51/17 'അഞ്ജനം' നേത്രദാന പദ്ധതി**

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയും മുരിക്കാശ്ശേരി അൽഫോൻസ ഹോസ്പിറ്റലും സംയുക്തമായി അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുടെ സഹകരണത്തോടെ 'അഞ്ജനം' - നേത്രദാന പദ്ധതി എന്ന പേരിൽ ഒരു സംരംഭം ആരംഭിച്ചു. ഇതിന്റെ ഭാഗമായി മാർച്ച് 28 ന് അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ അസി. ഡയറക്ടർ ഫാ. റെജ്ജു കണ്ണമ്പുഴയുടെ നേതൃത്വത്തിൽ ഒരു ടീം എച്ച്.ഡി.എസ്സിൽ വന്ന് ചർച്ച നടത്തി. സൊസൈറ്റി പ്രസിഡന്റ് മോൺ. ജയിംസ് മംഗലശ്ശേരിൽ, ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, ഡോ. സി. സുഗുണ എഫ്.സി.സി., മറ്റ് സ്റ്റാഫ്



അംഗങ്ങൾ എന്നിവർ പങ്കെടുത്തു. തുടർന്ന് ഏപ്രിൽ 4, 5 തീയതികളിൽ നടന്ന വൈദികരുടെ സ്റ്റഡി ഫോറത്തിൽ വിദഗ്ദർ ഈ വിഷയത്തിൽ ക്ലാസ്സ് എടുത്തു.

**SS 52/17 ഇടുക്കി രൂപത നേത്രദാന രംഗത്ത്**

സൊസൈറ്റിയും അൽഫോൻസാ ഹോസ്പിറ്റലും സംയുക്തമായി ആരംഭിച്ച അഞ്ജനം നേത്രദാന പദ്ധതിയുടെ ഭാഗമായി ഭൂമിയാംകുളം ഇടവക വെട്ടുകല്ലേൽ സലോമി എന്ന വീട്ടമ്മ കണ്ണ് ദാനം ചെയ്യുവാൻ സമ്മതം നല്കുകയും കുടുംബ ത്തിന്റെ അനുവാദത്തോടെ മരണശേഷം അവരുടെ കണ്ണുകൾ ഡോ. സുഗുണയുടെ നേതൃത്വത്തിൽ എടുത്ത് ലിറ്റിൽ ഫ്ളവർ ആശുപത്രിക്ക് നല്കുകയും ചെയ്തു. അഞ്ജനംപദ്ധതിൽ ആദ്യത്തെ ദാതാവായ സലോമിയുടെ മാതൃക എല്ലാവർക്കും മാതൃകയാണ്. അവരുടെ കണ്ണുകൾ 2 അന്ധർക്ക് കാഴ്ച നല്കും.

**SS 53/17 സൗജന്യ നേത്രചികിത്സാ ക്യാമ്പ്**

അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപതിയിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ മെയ് 12 ന് രാവിലെ 9 മുതൽ 12 വരെ ചുരുളി സെന്റ് തോമസ് പാരീഷ് ഹാളിൽ സൗജന്യ നേത്രചികിത്സാ ക്യാമ്പ് നടത്തുന്നു. പങ്കെടുക്കുവാൻ താത്പര്യമുള്ളവർ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക.04868 – 236568.

**SS 54/17 ജലസാക്ഷരതാ പദ്ധതി**

നബാർഡിന്റെ നേതൃത്വത്തിൽ രാജ്യ വ്യാപകമായി നടക്കുന്ന ജലസാക്ഷരതാ പദ്ധതിയുടെ ഭാഗമായി നമ്മുടെ സംസ്ഥാനത്തുനിന്നും തിരഞ്ഞെടുക്കപ്പെട്ട 8 സന്നദ്ധസംഘടനകളിൽ ഒന്ന് ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയാണ്. ഏപ്രിൽ 19, 20 തീയതികളിൽ ബാഗ്ലൂരിൽ നടന്ന മാസ്റ്റർ ട്രെയിനേഴ്സിന്റെ പരിശീലനത്തിൽ പ്രോഗ്രാം ഓഫീസർ ശ്രീ. സിബി തോമസ് പങ്കെടുത്തു. 30 വോളണ്ടിയേഴ്സിന് പരിശീലനം നൽകി മെയ് മാസത്തിൽ ഇടുക്കി ജില്ലയിലെ 250 ഗ്രാമങ്ങളിൽ ജല സാക്ഷരതാ പ്രചരണം നടത്തും.

## SS 55/17 ഇടമലക്കുടി സന്ദർശനം, വസ്ത്രവിതരണം

സൊസൈറ്റിയുടെ നേതൃത്വത്തിൽ മാർച്ച് 24 ന് 12 പേരുടെ സംഘം ഇടമലക്കുടി സന്ദർശിച്ചു. പാലാ സഹായമെത്രാനും കെ.സി.ബി.സി. എസ്.സി./എസ്.ടി. കമ്മീഷൻ അംഗവുമായ മാർ ജേക്കബ് മുരിയ്ക്കൻ, ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, സെക്രട്ടറി ഫാ. ഷാജ്കുമാർ, സി.എഫ്.സി. കോതമംഗലം രൂപതാ ഡയറക്ടർ ഫാ. ജിനോ പുന്നമറ്റം, ദീപിക റിപ്പോർട്ടർ ജോൺസൺ പൂവത്തുരുത്ത്, HDS സ്റ്റാഫ് അംഗങ്ങളായ സിബി തോമസ്, ബിനീഷ് കോട്ടൂർ, സിജോ സെബാസ്റ്റ്യൻ, സി. ദിവ്യ സി. എസ്.എൻ. എന്നിവർ സംഘത്തിലുണ്ടായിരുന്നു. ഇടുക്കി ജില്ലാസഹകരണ ബാങ്ക് ഉദ്യോഗസ്ഥരും മാർഗനിർദ്ദേശങ്ങൾ നല്കുവാൻ കൂടെയുണ്ടായിരുന്നു. ലൈറ്റ് ഇൻ ലൈഫ് എന്ന സ്വിറ്റ്സർലന്റ് മലയാളി അസോസിയേഷൻ ഇടമലക്കുടി സമ്പൂർണവൈദുതീകരണത്തിന് 5 ലക്ഷം രൂപ നല്കിയിരുന്നു. ഇതിന്റെ പുരോഗതി വിലയിരുത്തുകയും വിവിധ ഇടവകകളിൽനിന്നും ശേഖരിച്ച നല്ല പഴയ വസ്ത്രങ്ങൾ അവിടെ എത്തിച്ച് വിതരണം നടത്തുകയും ചെയ്തു.

## SS 56/17 ഗ്രീൻ ഇടുക്കി പ്രൊഡ്യൂസർ കമ്പനി

ഗ്രീൻ ഇടുക്കി പ്രൊഡ്യൂസർ കമ്പനിയുടെ വാർഷിക ജനറൽ ബോഡി യോഗം ഏപ്രിൽ 21 ന് ഉച്ചകഴിഞ്ഞ് നെടുംങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് സ്കൂൾ ഹാളിൽ നടന്നു. വാർഷിക റിപ്പോർട്ടും കണക്കും വായിച്ച് പാസാക്കി. പുതിയ ചെയർമാനായിസാബു അറയ്ക്കലിനെയുംസെക്രട്ടറിയായിജിനു ജോയി കുന്നപ്പിള്ളിയെയും തിരഞ്ഞെടുത്തു.

## SS 57/17 LENTEN FUND FROM PARISHES & RELIGIOUS HOUSES 2016

| SL.NO. | **PARISHES** | **AMOUNT** |
|---|---|---|
| 1 | ADIMALI | 7000 |
| 2 | ANAKULAM | 2000 |
| 3 | ANTOPURAM | 3500 |



| | | |
|---|---|---|
| 4 | ALPARA | 2000 |
| 5 | AYIRAMEKKAR | 1000 |
| 6 | BETHEL | 4000 |
| 7 | BHOOMIYANKULAM | |
| 8 | BISONVALLEY | 2000 |
| 9 | CALVARYMOUNT | 2000 |
| 10 | CHEMBALAM | |
| 11 | CHELLIAMPARA | |
| 12 | CHEMMANNAR | 1000 |
| 13 | CHEMPAKAPPARA | 5000 |
| 14 | CHINARNIRAPPU | 900 |
| 15 | CHURULI | 3000 |
| 16 | EATTITHOPPE | 5000 |
| 17 | ELLAKKAL | 7000 |
| 18 | ERATTAYAR | 10000 |
| 19 | ERUMELIKKAYAM | |
| 20 | EZHUKUMVAYAL | 8500 |
| 21 | GEORGIYAR | 1000 |
| 22 | IDUKKI | |
| 23 | IRUMPUPALAM | |
| 24 | JOSEGIRI | 1500 |
| 25 | JOSEPURAM | 5000 |
| 26 | KAILASAM | 3000 |
| 27 | KALLAR | |
| 28 | KALLARKUTTY | 1000 |
| 29 | KALLUPALAM | |
| 30 | KANAKAKKUNNU | 10000 |
| 31 | KANJIKUZHY | 15000 |
| 32 | KANTHIPPARA | 2000 |
| 33 | KANCHIYAR | 1000 |
| 34 | KARIMPAN | |
| 35 | KARITHODE | 200 |

| | | |
|---|---|---|
| 36 | KAMAKSHY | 3200 |
| 37 | KATTAKKALA | 1000 |
| 38 | KEERITHODE | |
| 39 | KILIYARKANDAM | |
| 40 | KARIKKUMTHOLAM | |
| 41 | KOMBAYAR | 200 |
| 42 | KOOMPANPARA | 4000 |
| 43 | KORANDIKKAD | |
| 44 | KOZHIMALA | |
| 45 | KUNCHITHANNI | 3000 |
| 46 | KURISUPARA | |
| 47 | KUTHIRAKKALLU | |
| 48 | KUTHUPARA | 1000 |
| 49 | LOWER KULAMAVU | 3000 |
| 50 | MACHIPLAVU | 1500 |
| 51 | MAILADUMPARA | 500 |
| 52 | MAKKUVALLY | |
| 53 | MANCHIKAVALA | |
| 54 | MANIYARANKUDY | |
| 55 | MANJAPPARA | |
| 56 | MANJAPPETTY | |
| 57 | MANKULAM | 2000 |
| 58 | MANKUVA | 500 |
| 59 | MARIAPURAM | 3000 |
| 60 | MARYLAND | 1000 |
| 61 | MAVADY | 500 |
| 62 | MUKKUDAM | |
| 63 | MULAKARAMEDU | 5000 |
| 64 | MULAKUVALLY | 1000 |
| 65 | MURICKASSERY | 18000 |
| 66 | MURICKUMTHOTTY | 3140 |
| 67 | MUTTUKADU | 750 |



| | | |
|---|---|---|
| 68 | NARAKAKKANAM | 1000 |
| 69 | NAZARATHVALLEY(Nalumukku) | |
| 70 | NAZRETH(PACHADY) | |
| 71 | NEDUMKANDAM | 5000 |
| 72 | NANKUTHOTTY | |
| 73 | NEELIVAYAL | |
| 74 | NELLIPPARA | 1000 |
| 75 | PAINAVU | 200 |
| 76 | PACHADY | |
| 77 | PALLAR | 1000 |
| 78 | PALLANAD | |
| 79 | PANAMKUTTY | 900 |
| 80 | PANDIPPARA | 4000 |
| 81 | PANICKANKUDY | 12000 |
| 82 | PANNIARKUTTY | 11000 |
| 83 | PARATHODE | 5000 |
| 84 | PAZHAYARIKANDOM | |
| 85 | PERINCHAMKUTTY | 1500 |
| 86 | PEZHUMKANDAM | 1000 |
| 87 | PONMUDY | 5000 |
| 88 | POTTENKAD | |
| 89 | PUSHPAKANDAM | |
| 90 | RAJAKKADU | 7500 |
| 91 | RAJAKUMARY | 24570 |
| 92 | RAJAMUDY | |
| 93 | RAJAPURAM | |
| 94 | SAHAYAGIRI | |
| 95 | SANTHIGRAM | 5000 |
| 96 | SLEEVAMALA | 2000 |
| 97 | SNEHAGIRI | |
| 98 | THANKAMANY | 5000 |
| 99 | THANNIKKANDAM | 2000 |

| | | |
|---|---|---|
| 100 | THATTEKKANNI | |
| 101 | THINKALKADU | |
| 102 | THOKKUPARA | 15000 |
| 103 | THOOKKUPALAM | 700 |
| 104 | THOPRAMKUDY | |
| 105 | THOVARAYAR | 8000 |
| 106 | UDAYAGIRI | |
| 107 | UPPUTHODE | 16000 |
| 108 | VATHIKUDY | |
| 109 | VATTAPPARA | 2250 |
| 110 | VATTAYAR | |
| 111 | VAZHATHOPPE | 5000 |
| 112 | VAZHAVARA | 11000 |
| 113 | VELLATHOOVAL | |
| 114 | VELLAYAMKUDY | 6500 |
| 115 | VENMANY | 3000 |
| 116 | VIMALAGIRI | 2000 |
| | | **320010** |

| | |
|---|---|
| **CMC CONGRIGATION** | |
| IDUKKI | 10000 |
| **FCC CONGRIGATION** | |
| MURICKASSERY | 18000 |
| **SH CONGRIGATION** | |
| RAJAMUDY | 31000 |
| **SABS CONGRIGATION** | |
| JAIMATHA PROVINCIAL HOUSE KUTHIRAKALLU | 20000 |
| **SD CONGRIGATION** | |
| ADIMALI | 500 |
| ANAKULAM | |
| KANCHIYAR | 500 |



| | |
|---|---|
| KURISUPARA | |
| MANKULAM | 1000 |
| MARAYOOR | |
| MURICKASSERY | 500 |
| PANDIPPARA | 500 |
| PANICKANKUDY | 1000 |
| RAJAPURAM | 500 |
| SAHAYAGIRI | 1000 |
| THOKKUPARA | 500 |
| VATTAVADA | 300 |
| **CSN CONGRIGATION** | |
| ADIMALI | 1000 |
| **DM CONGRIGATION** | |
| KILIYARKANDAM | 1000 |
| PALLANAD | 1000 |
| **ST. MARTHAS CONGRIGATION** | |
| SANTHIGRAM | 500 |
| **FMM** | |
| MANJAPPETTY | |
| **DST CONGRIGATION** | |
| KARIMPAN | 500 |
| NEELIVAYAL | 500 |
| **HOLY CROSS SISTERS** | |
| NEDUMKANDAM | 7000 |
| **MSJ ELLAKKAL** | 1600 |
| DHANYA BHAVAN MANJAPETTY | 1000 |
| **TOTAL** | **99400** |
| OTHER INSTITUTION | 9000 |
| **GRAND TOTAL** | **428410** |

# തിരുബാലസഖ്യം

**HC 2/17 ഹോളി മീറ്റ്**

ഈ വർഷം ആഘോഷകരമായ കുർബാന സ്വീകരണം നടത്തുന്ന കുട്ടികൾക്കായുള്ള 'ഹോളി മീറ്റ്' മെയ് മാസം 18-ാം തീയതി വ്യാഴാഴ്ച രാവിലെ 9.30 ന് വാഴത്തോപ്പ് കത്തീഡ്രലിൽ നടത്തപ്പെടുന്നു. ഈ വർഷം ആഘോഷകരമായ കുർബാന സ്വീകരണം നടത്തിയ കുട്ടികളെയെല്ലാം ആ വേഷത്തിൽത്തന്നെ (ബൊക്കെയും, ചെണ്ടും കൊണ്ടുവരേണ്ടതില്ല) പറഞ്ഞയയ്ക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

# ചെറുപുഷ്പ മിഷൻലീഗ്

**CML 14/17 ക്രിസ്റ്റീൻ ധ്യാനം**

സി.എം.എൽ. ഇടുക്കി രൂപത 9 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്കായി ഏപ്രിൽ 24 മുതൽ 27 വരെ പടമുഖം സ്നേഹമന്ദിരത്തിൽവച്ച് നടത്തിയ ക്രിസ്റ്റീൻ ധ്യാനത്തിൽ വിവിധ ശാഖകളിൽ നിന്ന് കുട്ടികൾ പങ്കെടുത്തു. കുട്ടികളെ പറഞ്ഞുവിട്ട ശാഖാ ഡയറക്ടറച്ചന്മാർക്കും ജോയിന്റ് ഡയറക്ടേഴ്സ് സിസ്റ്റേഴ്സിനും ഭാരവാഹികൾക്കും രൂപതാ മിഷൻ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

**CML 15/17 ക്രിസ്റ്റീൻ ധ്യാനം**

ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ 5-ാം ക്ലാസ്സ് മുതൽ 8-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി 2017 മെയ് മാസം 3-ാം തീയതി 10.00 am ന് ആരംഭിച്ച് 5-ാം തീയതി 4.00 pm ന് അവസാനിക്കുന്ന രീതിയിൽ അടിമാലി ആത്മജ്യോതിയിൽ ക്രിസ്റ്റീൻ ധ്യാനം നടത്തുന്നു. ശാഖകളിൽനിന്ന് കുട്ടികളെ പങ്കെടുപ്പിക്കുമല്ലോ.



**CML 16/17 പ്രവർത്തനവർഷാരംഭം, ശാഖാ കൗൺസിൽ തിരഞ്ഞെടുപ്പ്**

2017-18 പ്രവർത്തനവർഷം ജൂൺ 1 ന് ആരംഭിക്കുകയാണല്ലോ. ജൂൺ 4-ാം തീയതി ശാഖകളിൽ ശാഖാ കൗൺസിൽ വിളിച്ചുചേർത്ത് പ്രവർത്തനവർഷ ഉദ്ഘാടനവും, ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടത്തുമല്ലോ.

**CML 17/17 വാർഷിക റിപ്പോർട്ട്**

2016-17 പ്രവർത്തന വർഷത്തെ വാർഷിക റിപ്പോർട്ട് മെയ് 31 ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. റിപ്പോർട്ട് ഫോം ഇനിയും ലഭിക്കാത്തവർ രൂപതാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**CML 18/17 രൂപതാ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്**

സി.എം.എൽ. ഇടുക്കി രൂപതാ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് ജൂൺ മാസം 10-ാം തീയതി കരിമ്പൻ ബിഷപ്പ് ഹൗസിൽ രാവിലെ 9.00 am ന് വിശുദ്ധ കുർബ്ബാനയോടെ ആരംഭിക്കുന്നു. എല്ലാ ശാഖാ-മേഖലാ ജോയിന്റ് ഡയറക്ടേഴ്സും കൃത്യമായി പങ്കെടുക്കുമല്ലോ.

**CML 19/17 നന്ദി**

സി.എം.എൽ. ഇടുക്കി രൂപതയുടെ ഓഫീസ് സെക്രട്ടറിയായി സേവനം ചെയ്തശേഷം ഉപരിപഠനത്തിനായി പോകുന്ന ബ്ര. ആന്റണി കുന്നത്തുപാറയ്ക്ക് രൂപതാ മിഷൻ കുടുംബത്തിന്റെ പ്രാർത്ഥനാശംസകളും കൃതജ്ഞതയും അറിയിക്കുന്നു.

# പ്രാർത്ഥനാ ഗ്രൂപ്പ്

**PG 16/17 ജൂബിലി ഏകദിന കൺവൻഷൻ**

ഏപ്രിൽ 29 ശനിയാഴ്ച 9.30 മുതൽ 3.30 വരെ കരിമ്പൻ പള്ളിയിൽ വച്ച് വാഴത്തോപ്പ് സബ്-സോണിന്റെ ആഭിമുഖ്യത്തിൽ

കരിസ്മാറ്റിക്ക് ജൂബിലിയുടെ ഭാഗമായി ഒരു ഏകദിന കൺവൻഷൻ നടക്കുകയാണ്. വെരി. റവ. ഫാ. ജെയിംസ് മംഗലശ്ശേരി കൺവൻഷൻ ഉദ്ഘാടനം നിർവ്വഹിക്കുകയും, ഇടുക്കി തങ്കച്ചൻ വചന ശുശ്രൂഷ നടത്തുകയും ചെയ്യുന്നു. രൂപതാ ഡയറക്ടർ ഫാ. ജോസഫ് കോയിക്കൽ, സബ്-സോൺ ആനിമേറ്റർ ഫാ. ടിനോ പാറക്കടവിൽ സബ്സോൺ കോ-ഓഡിനേറ്റർ ജേക്കബ് വെള്ളക്കാട്ട്, സെക്രട്ടറി ജോസഫ് കല്ലുവേലിൽ തുടങ്ങിയവർ കൺവൻഷന് നേതൃത്വം നൽകുന്നു.

## PG 17/17 സബ്-സോൺ പുനഃസംഘടന

ഇടുക്കി സോണിലെ സബ്-സോണുകളായ രാജാക്കാട്, പാറത്തോട്, തോപ്രാംകുടി, അടിമാലി, വാഴത്തോപ്പ് എന്നിവയുടെ സർവ്വീസ് ടീം തിരഞ്ഞെടുപ്പ് മെയ് മാസത്തിൽ വിവിധ സ്ഥലങ്ങളിൽ നടത്തുന്നതാണ്. തിരഞ്ഞെടുപ്പുകൾക്ക് രൂപതാ ഡയറക്ടർ ഫാ. ജോസഫ് കോയിക്കലും സോണൽ സർവീസ് ടീമും നേതൃത്വം നല്കുന്നതാണ്.

## PG 18/17 അന്തർദേശീയ കരിസ്മാറ്റിക്ക് ജൂബിലി സംഗമം

കത്തോലിക്കാ കരിസ്മാറ്റിക്ക് നവീകരണത്തിന്റെ ജൂബിലിയുടെ ഭാഗമായി ഒരു അന്തർദേശീയ നേതൃത്വസംഗമം മെയ് 31 മുതൽ ജൂൺ 6 വരെ റോമിൽ നടക്കുകയാണ്. ഇടുക്കി രൂപതയിൽ നിന്ന് ഷാജി വൈക്കത്തുപറമ്പിൽ, സണ്ണി വളവനാട്ട്, മറിയക്കുട്ടി താണ്ടാപറമ്പിൽ എന്നിവർ ഇതിൽ പങ്കെടുക്കുന്നു.

## PG 19/17 പാരിഷ് മിനിസ്ട്രി കോ-ഓഡിനേറ്റർ

കത്തോലിക്കാ കരിസ്മാറ്റിക് നവീകരണത്തിന്റെ ഭാഗമായ പാരിഷ് മിനിസ്ടിയുടെ ഓൾ കേരളാ കോ-ഓഡിനേറ്ററായി കഞ്ഞിക്കുഴി ഇടവകക്കാരനായ സണ്ണി വളവനാട്ടിനെ തിരഞ്ഞെടുത്തു.

## PG 20/17 അഖില ലോക കരിസ്മാറ്റിക്ക് മലയാളി കൺവൻഷൻ

കത്തോലിക്കാ കരിസ്മാറ്റിക് നവീകരണത്തിന്റെ ജൂബിലിയുടെ ഭാഗമായി വിവിധ രാജ്യങ്ങളിലുള്ള മലയാളികളെ പങ്കെടുപ്പിച്ചുകൊണ്ട് ആഗസ്റ്റ് 12, 13, 14, 15 തീയതികളിൽ ഇരിങ്ങാലക്കുട ആളൂരിൽവച്ച് അഖിലലോക മലയാളി കൺവൻഷൻ നടത്തപ്പെടുകയാണ്. കേരളത്തിൽനിന്നും 8000 പേരും മറ്റ് രാജ്യങ്ങളിൽ നിന്നുമായി 2000 പേരും ഈ കൺവൻഷനിൽ പങ്കെടുക്കുന്നതാണ്.



# കുടുംബക്കൂട്ടായ്മ

## SCC 3/17 ഫൊറോനാ സംഗമവും തിരഞ്ഞെടുപ്പും

ഇടുക്കി രൂപതയിലെ കുടുംബകൂട്ടായ്മയുടെ ഫൊറോനാ സംഗമവും ഫൊറോനാ തിരഞ്ഞെടുപ്പും മാർച്ച് 5, 12, 19, 26, തീയതികളിൽ യഥാക്രമം രാജാക്കാട്, ഇരട്ടയാർ, നെടുംകണ്ടം വെള്ളയാംകുടി എന്നീ ഫൊറോനകളിൽ വച്ച് ഫൊറോനാ വികാരിമാരുടെ സാന്നിധ്യത്തിൽ രൂപതാ ഡയറക്ടർ റവ. ഫാ. ജോർജ് കരിവേലിക്കലിന്റെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. പ്രസ്തുത യോഗങ്ങൾക്ക് രൂപതാ പ്രസി. ശ്രീ. സോണി മാത്യു കൊടപ്പാംകുന്നേൽ, രൂപതാ സെക്രട്ടറി ശ്രീ. ഷാജി വരകുകാലപറമ്പിൽ, രൂപതാകമ്മറ്റി അംഗങ്ങളായ ശ്രീ. സണ്ണി കാടംകാവിൽ, ശ്രീ. ജോൺ ഉലഹന്നാൻ വാഴത്തോപ്പ്, ശ്രീ. മാത്യു വർഗീസ് മേലേട്ട് എന്നിവർ നേതൃത്വം നല്കി.

### ഫൊറോനാ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടവർ

**രാജാക്കാട്**

ഫൊറോനാ ഡയറക്ടർ : റവ. ഫാ. അബ്രാഹം പുറയാറ്റ്
പ്രസിഡന്റ് : വക്കച്ചൻ മീമ്പള്ളിൽ, രാജാക്കാട്
വൈസ് പ്രസിഡന്റ് : ഡെയ്സി ജോസഫ് കൊച്ചുവീട്ടിൽ, സ്ലീവാമല
ജനറൽ സെക്രട്ടറി : ജോസ് പറത്താനത്ത്, രാജാക്കാട്
ജോയിന്റ് സെക്രട്ടറി : റെജി ജോർജ് മഠത്തിശ്ശേരി, രാജകുമാരി
ട്രഷറർ : സൈമൺ പയറ്റുകാലാനിരപ്പേൽ, ബൈസൺവാലി

കമ്മറ്റി അംഗങ്ങൾ : 1. സണ്ണി തുമ്പനിരപ്പേൽ, മുരിക്കുംതൊട്ടി
2. ആഷ്ലി തുടിയംപ്ലാക്കൽ, മുട്ടുകാട്

മോഡറേറ്റർ : സി. സിസിലി ചാക്കോ (എസ്.സി.സി.ജി)

**ഇരട്ടയാർ**

ഫൊറോനാ ഡയറക്ടർ : റവ. ഫാ. ഫ്രാൻസീസ് ഇടവക്കണ്ടം

പ്രസിഡന്റ് : ജോയി മൂലേക്കാട്ട്, ഇരട്ടയാർ

വൈസ് പ്രസിഡന്റ് : തങ്കമ്മ സെബാസ്റ്റ്യൻ, ഈട്ടിത്തോപ്പ്

ജനറൽ സെക്രട്ടറി : എൽസി അലക്സ് കൊച്ചുപറമ്പിൽ, എഴുകുംവയൽ

ജോയിന്റ് സെക്രട്ടറി : ബിജു ദേവസ്യ, വാഴവര

ട്രഷറർ : ജോയി മാളിയേക്കൽ ബഥേൽ

കമ്മറ്റി അംഗങ്ങൾ : 1. ടോമി ചിന്താർമണിയിൽ, നാലുമുക്ക്
2. സിബി കായംകാട്ടിൽ, ശാന്തിഗ്രാം

**നെടുംകണ്ടം**

ഫൊറോനാ ഡയറക്ടർ : റവ. ഫാ. ജോസഫ് തച്ചുകുന്നേൽ

പ്രസിഡന്റ് : ശ്രീ. കെ.സി. ചാക്കോ വരമ്പത്ത്, നെടുംകണ്ടം

വൈസ് പ്രസിഡന്റ് : ശ്രീമതി ലിസി ജോർജ് തകിടിപ്പുറത്ത്, കോമ്പയാർ

ജനറൽ സെക്രട്ടറി : സെബാസ്റ്റ്യൻ ജോസഫ് അടമ്പകല്ലേൽ, പച്ചടി

ജോയിന്റ് സെക്രട്ടറി : ജീമോൾ പാറയ്ക്കൽ, പാലാർ

ട്രഷറർ : ദേവസ്യ വെട്ടുകാട്ടിൽ, ചെമ്മണ്ണാർ

കമ്മറ്റി അംഗങ്ങൾ : 1. ഷിജു ജോസ് ആലപ്പൂത്തറ, കട്ടക്കാല
2. അമൽ സെബാസ്റ്റ്യൻ മണിക്കവലയിൽ, ചേമ്പളം
3. ആൽബിൻ സ്കറിയ നരിക്കുഴിയിൽ, കാരിത്തോട്
4. ജോർജ്ജ് തോമസ് തേക്കുപൊയ്കയിൽ, മഞ്ഞപ്പെട്ടി

**വെള്ളയാംകുടി**

ഫൊറോനാ ഡയറക്ടർ : റവ. ഫാ. ജോസ് പ്ലാച്ചിക്കൽ

പ്രസിഡന്റ് : മാത്തുക്കുട്ടി കാരിയിൽ, വെള്ളയാംകുടി



വൈസ് പ്രസിഡന്റ് : ജോളി എബ്രാഹം കൊച്ചുപുരയ്ക്കൽ, കോഴിമല

ജനറൽ സെക്രട്ടറി : ജോസ് വർഗീസ് മണ്ണുകുളത്ത്, കാൽവരിമൗണ്ട്

ജോയിന്റ് സെക്രട്ടറി : ലൈസമ്മ തങ്കച്ചൻ കിഴക്കേപറമ്പിൽ, മുളകരമേട്

ട്രഷറർ : ബിജു മൂലയിൽ, കാഞ്ചിയാർ

## കത്തോലിക്കാ കോൺഗ്രസ്

### AKCC 10/17 ശതാബ്ദി ഉദ്ഘാടനം

ഒരു നൂറ്റാണ്ട് പിന്നിടുന്ന കത്തോലിക്കാ കോൺഗ്രസിന്റെ ശതാബ്ദി ആഘോഷങ്ങളുടെ കേന്ദ്രതല ഉദ്ഘാടനം 2017 ഏപ്രിൽ 28 ന് കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ നടക്കും. മാന്നാനം, ഭരണങ്ങാനം, തൃശൂർ, മൗണ്ട് സെന്റ് തോമസ്, കുട്ടനാട് എന്നിവിടങ്ങളിൽ നിന്നും ആരംഭിക്കുന്ന ദീപശിഖ-പതാക-ഛായാചിത്ര പ്രയാണങ്ങൾ 28 ന് രാവിലെ 11 മണിക്ക് കോട്ടയത്ത് എത്തിച്ചേരും. സ്വീകരണസമ്മേളനം മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്യും. ഉച്ചകഴിഞ്ഞ് 2.30 ന് ചേരുന്ന ശതാബ്ദി ഉദ്ഘാടന സമ്മേളനത്തിൽ മാർ ജോർജ്ജ് ആലഞ്ചേരി, ബിഷപ് ലെഗേറ്റ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ, മാർ മാത്യു മൂലക്കാട്ട്, മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, കേന്ദ്ര-രൂപതാ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുക്കും. ഇടുക്കി രൂപതയിൽ നിന്ന് കഴിയുന്നത്ര ഫൊറോനാ - യൂണിറ്റ് ഭാരവാഹികൾ ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുക്കണം.

### AKCC 11/17 ശതാബ്ദി കർമ്മപദ്ധതി രൂപീകരണം

ശതാബ്ദി വർഷത്തിൽ കേന്ദ്ര-രൂപതാ-യൂണിറ്റ് തലങ്ങളിൽ സംഘടിപ്പിക്കേണ്ട കർമ്മ പദ്ധതികളെക്കുറിച്ച് കൂടിയാലോചിക്കേണ്ടതിനായി 12-03-2017 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ യോഗം ചേരുകയുണ്ടായി. ഇടുക്കി രൂപതാ ഭാരവാഹികൾ പങ്കെടുത്തു.

## AKCC 12/17 മെമ്പർഷിപ്പ് കാമ്പയിൻ

ശതാബ്ദി വർഷത്തിൽ ലോകമെമ്പാടുമായി 20 ലക്ഷം പേർക്ക് സംഘടനയിൽ അംഗത്വം നല്കുക എന്ന ലക്ഷ്യത്തോടുകൂടി മെമ്പർഷിപ്പ് കാമ്പയിൻ നടത്തുവാൻ തീരുമാനിച്ചു. ഈ പദ്ധതിയുടെ ഭാഗമായി ഇടുക്കി രൂപതയിലും എല്ലാ ഇടവകകളിലും ആളുകൾക്ക് അംഗത്വം നല്കുന്നതിനും, നിലവിലുള്ളവരുടെ അംഗത്വം പുതുക്കുന്നതിനും തീരുമാനിച്ചു.

## AKCC 13/17 2017 - ൽ പുതിയ ഭരണസമിതികൾ

2017 ഒക്ടോബറിൽ നിലവിലുള്ള കേന്ദ്രഭരണസമിതിയുടെ കാലാവധി അവസാനിക്കുന്നതിനാൽ ഭരണഘടനപ്രകാരം യൂണിറ്റ്, രൂപത, കേന്ദ്രസമിതികളുടെ തെരഞ്ഞെടുപ്പ് നടത്തുന്നതിന് നടപടിക്രമങ്ങൾ ആരംഭിച്ചു. കേന്ദ്ര ഇലക്ഷൻ ബോർഡ്, ഇലക്ഷൻ ട്രൈബ്യൂണൽ എന്നിവ രൂപീകരിച്ച് വിജ്ഞാപനമായിട്ടുണ്ട്.

## AKCC 14/17 യൂണിറ്റ് തിരഞ്ഞെടുപ്പുകൾ

യൂണിറ്റ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ജൂൺ മാസത്തിൽ നടത്തുന്നതിന് തീരുമാനിച്ചു. രൂപതാ വരണാധികാരിയായി രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് പാട്ടത്തെക്കുഴിയേയും, ഉപവരണാധികാരിയായി ശ്രീ. ചുമ്മാർ മാത്യുവിനെയും ചുമതലപ്പെടുത്തി.

## AKCC 15/17 ശതാബ്ദി-യൂണിറ്റ്തല ഉദ്ഘാടനം

ശതാബ്ദി ആഘോഷങ്ങളുടെ യൂണിറ്റ്തല ഉദ്ഘാടനം എല്ലാ ഇടവകകളിലും ഉചിതമായ പരിപാടികളോടെ മെയ് മാസത്തിൽ നടത്തണം. ഫ്ളെക്സ്, നോട്ടീസ്, പോസ്റ്റർ എന്നിവ ആവശ്യാനുസരണം ലഭിക്കുന്നതിന് രൂപതാ ഭാരവാഹികളുമായി ബന്ധപ്പെടണം.

## AKCC 16/17 ജോർജ് കോയിക്കലിന് അനുമോദനങ്ങൾ

മികച്ച സമുദായ സംഘടനാ പ്രവർത്തകനുള്ള കേരളാ കാത്തലിക് ഫെഡറേഷൻ അവാർഡ് നേടിയ രൂപതാ പ്രസിഡന്റ് ശ്രീ. ജോർജ്ജ് കോയിക്കലിന് രൂപതാ കമ്മറ്റി അനുമോദനങ്ങൾ അർപ്പിച്ചു.



## AKCC 17/17 ഭാരവാഹികൾക്ക് പരിശീലന പരിപാടി

രൂപതകളിൽ പഞ്ചായത്തുതല സമിതികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഒരു പരിശീലന പരിപാടി 2017 മേയ് 13, 14 തീയതികളിൽ തൃശൂർ ''കില'' യിൽ വച്ച് സംഘടിപ്പിക്കുന്നു. വ്യക്തിത്വവികസനം, നേതൃത്വപരിശീലനം, വിവിധ കേന്ദ്ര സംസ്ഥാന ന്യനപക്ഷ സഹായപദ്ധതികൾ, സമുദായാംഗങ്ങൾക്ക് സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ എന്നിവയിലുള്ള മികച്ച അറിവും പരിശീലനവും ഈ പരിശീലന പരിപാടിയിലൂടെ ലഭിക്കും. ഈ രൂപതയിൽനിന്നും പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ രൂപതാ ഭാരവാഹികളുമായി ബന്ധപ്പെടണം.

## AKCC 18/17 ചർച്ച് ആക്ട് പഠനക്കളരി

ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് ഇടവരുത്തിയേക്കാവുന്ന ചർച്ച് ആക്ടിനെക്കുറിച്ച് പഠിക്കുന്നതിന് ഏപ്രിൽ 5 ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പഠനക്കളരി സംഘടിപ്പിച്ചു.

## AKCC 19/17 പ്രതിഷേധിച്ചു

നമ്മുടെ മാതൃരൂപതയായ കോതമംഗലം രൂപതയുടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനമായ തൊടുപുഴ ന്യൂമാൻ കോളേജിൽ അക്രമം അഴിച്ചുവിടുകയും കോളേജ് തകർക്കുകയും ചെയ്തതിനെതിരെ എ.കെ.സി.സി. ഇടുക്കി രൂപതാ സമിതി ശക്തമായി പ്രതിഷേധിച്ചു. കുറ്റക്കാരെ നിയമത്തിന് മുമ്പിൽ എത്തിച്ച് മാതൃകാപരമായി ശിക്ഷിക്കണമെന്ന് രൂപതാക്കമ്മറ്റി സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു.

## AKCC 20/17 രൂപതാക്കമ്മറ്റി

21-04-2017 ൽ ഇടുക്കി രൂപതാക്കമ്മറ്റി രൂപതാ കാര്യാലയത്തിൽ യോഗം ചേർന്നു. ശതാബ്ദിവർഷ പരിപാടികളെക്കുറിച്ച് ചർച്ച ചെയ്തു.

# കേരള ലേബർ മൂവ്മെന്റ്

**KLM 16/17 തൊഴിലാളികളെ ആദരിച്ചു**

'സുരക്ഷിത തൊഴിലാളി, സുശക്തഭാരതം' എന്ന മുദ്രാവാക്യത്തെ മുറുകെപിടിച്ച് അസംഘടിത തൊഴിലാളികളുടെ ശാക്തീകരണം ലക്ഷ്യമാക്കി പ്രവർത്തിച്ചുവരുന്ന കേരളാ ലേബർ മൂവ്മെന്റ് മെയ് ദിനാചരണത്തിന്റെ ഭാഗമായി വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്ന തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളെ ആദരിച്ചു.

**KLM 17/17 കീടനാശിനി പ്രയോഗം നിരോധിക്കണം**

ആഹാരത്തിനുവേണ്ടി കൃഷി ചെയ്യുന്ന ഉത്പന്നങ്ങളിലെ മാരകമായ കീടനാശിനി പ്രയോഗം നിയന്ത്രിക്കണമെന്ന് കേരളാ ലേബർമൂവ്മെന്റ് ഇടുക്കി രൂപതാ കമ്മറ്റി അധികൃതർക്ക് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു.

**KLM 18/17 പതാകദിനം**

തൊഴിലാളി ദിനമായ മെയ് ഒന്നിന് കേരളാ ലേബർ മൂവ്മെന്റ് പതാകദിനാചരണം നടത്തും. മുരിക്കാശ്ശേരിയിൽ രൂപതാ ഡയറക്ടർ ഫാ. ജോസഫ് പാപ്പാടി പതാക ഉയർത്തി ദിനാചരണം ഉദ്ഘാടനം ചെയ്യും.

**KLM 19/17 A+ നേടിയവരെ ആദരിക്കുന്നു**

കേരളാ ലേബർ മൂവ്മെന്റ് മുൻവർഷങ്ങളിൽ നടത്തിവരാറുള്ള SSLC, +2 വിഷയങ്ങളിൽ മുഴുവൻ വിഷയങ്ങൾക്കും A+ കരസ്ഥമാക്കിയ കുട്ടികളെ ആദരിക്കുന്നു. വിശദവിവരങ്ങൾക്ക് രൂപതാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ : 9495125585.

**KLM 20/17 അംഗത്വ വിതരണോദ്ഘാടനം**

കേരളാ ലേബർ മൂവ്മെന്റ് മെമ്പർഷിപ്പ് മാസാചരണത്തിന്റെ ഭാഗമായി നടത്തുന്ന അംഗത്വ വിതരണോദ്ഘാടനം മുരിക്കാശ്ശേരി



ഗാലക്സി ഓഡിറ്റോറിയത്തിൽ നടന്ന യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. ജോസഫ് പാപ്പാടി നിർവഹിച്ചു. രൂപതാ പ്രസിഡന്റ് ജോർജ് അമ്പഴം അദ്ധ്യക്ഷത വഹിച്ചു. രൂപതാ സെക്രട്ടറി ബേബി കൊച്ചുപറമ്പിൽ സ്വാഗതവും കോഡിനേറ്റർ സി. ചൈതന്യ സി.എം.സി. നന്ദിയും രേഖപ്പെടുത്തി.

# ആത്മജ്യോതിയിലെ പരിപാടികൾ

**മെയ് 2017**

| | |
|---|---|
| 01-03 | : വിവാഹ ഒരുക്ക ധ്യാനം |
| 03-05 | : ക്രിസ്റ്റീൻ ധ്യാനം (സി.എം.എൽ) |
| 07-12 | : എഫാത്ത ധ്യാനം |
| 13-14 | : തിയോളജി കോഴ്സ് |
| 15-17 | : ക്രിസ്റ്റീൻ ധ്യാനം (കളത്തിപ്പടി ക്രിസ്റ്റീൻ ടീം) |
| 18-21 | : ദമ്പതീ ധ്യാനം |
| 20-21 | : സെന്റ് വിൻസെന്റ് ഡി പോൾ C.C. വാർഷികം |
| 22-24 | : വിവാഹ ഒരുക്ക ധ്യാനം |

# അറിയിപ്പുകൾ

**സെന്റ് റോസ് ബാലികാഭവൻ, വെള്ളക്കയം**

ചെറുതോണി വെള്ളക്കയത്തിനടുത്ത് LAR സിസ്റ്റേഴ്സ്, 'സെന്റ് റോസ് ബാലികാഭവൻ' എന്ന പേരിൽ 1 മുതൽ +2 വരെ പഠിക്കുന്ന നിർദ്ധനരായ പെൺകുട്ടികൾക്കുവേണ്ടി ഒരു ബാലികാഭവൻ 2008 മുതൽ നടത്തിവരുന്നു. ഈ സ്ഥാപനത്തിലേക്ക് അർഹരായ കുട്ടികളെ പറഞ്ഞയക്കുവാൻ ബഹു. വികാരിയച്ചൻമാരുടെ സഹകരണം അഭ്യർത്ഥിക്കുന്നു.

ബന്ധപ്പെടേണ്ട ഫോൺ നമ്പരുകൾ : (1) 04862 235428

(2) 9605260201.




01 അല്മായർക്കായി നടത്തിയ ദൈവശാസ്ത്ര കോഴ്സിന്റെ സർട്ടി ഫിക്കറ്റുകൾ വിതരണം ചെയ്തു.

02-03 കൂമ്പൻപാറ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

04 അടിമാലിയിൽ നടന്ന വൈദികരുടെ സ്റ്റഡിഫോറത്തിൽ സംബ ന്ധിച്ച് ചർച്ചകൾക്ക് നേതൃത്വം നൽകി.

05 വെള്ളയാംകുടിയിൽ നടന്ന വൈദികരുടെ സ്റ്റഡിഫോറത്തിൽ സംബന്ധിച്ച് ചർച്ചകൾക്ക് നേതൃത്വം നൽകി.

08 വാഴത്തോപ്പ് കത്തീഡ്രലിൽ വൈദികാർത്ഥികൾക്ക് കാറോയ, ഹെവ്പ്പദ്യാക്ക്ന, മ്ശംശാന എന്നീ പട്ടങ്ങൾ നല്കി.

09 വാഴത്തോപ്പ് കത്തീഡ്രലിൽ ഓശാന ഞായറാഴ്ചത്തെ തിരു കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

13 കത്തീഡ്രലിൽ മൂറോൻ വെഞ്ചരിപ്പ് തിരുകർമ്മങ്ങൾ നടത്തി.

* കത്തീഡ്രലിൽ പെസഹാവ്യാഴാഴ്ചത്തെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

14 കത്തീഡ്രലിൽ ദു:ഖവെള്ളിയുടെ തിരുകർമ്മങ്ങൾ നടത്തി.

15 കത്തീഡ്രലിൽ വലിയ ശനിയാഴ്ചത്തെ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

16 കത്തീഡ്രലിൽ ഉയിർപ്പ് ഞായാറാഴ്ചത്തെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.



18 വാഴത്തോപ്പ് കത്തീഡ്രലിൽ CMC സഭയിലെ 5 നവസന്യാസി നികൾക്ക് സഭാവസ്ത്രം നൽകുകയും അവരുടെ വ്രതവാഗ്ദാ ന ശുശ്രൂഷയിൽ പങ്കെടുക്കുകയും വി. കുർബ്ബാന അർപ്പിക്കു കയും ചെയ്തു.

20 രൂപതാ മൈനർ സെമിനാരിയിൽ വൈദികാർത്ഥികളെ തിര ഞ്ഞെടുക്കാനുള്ള ഇന്റർവ്യൂ നടത്തി.

22 ബഥേൽ ഇടവകയിൽ പുതിയതായി നിർമ്മിച്ച പാരീഷ്ഹാൾ വെഞ്ചരിച്ചു.

* കട്ടക്കാലാ ഇടവകയിൽ കുരിശുപള്ളി വെഞ്ചരിച്ചു.

23 തോപ്രാംകുടി ഇടവകയിൽ പുതിയതായി നിർമ്മിച്ച പാരീഷ് ഹാൾ വെഞ്ചരിച്ചു.

25 വാഴത്തോപ്പ് കത്തീഡ്രലിൽ SABS സഭാംഗങ്ങളായ 5 നവസന്യാ സിനികൾക്ക് സഭാവസ്ത്രം നൽകുകയും അവരുടെ വ്രതവാ ഗ്ദാന ശുശ്രൂഷയിൽ പങ്കെടുക്കുകയും വി. കുർബ്ബാന അർപ്പി ക്കുകയും ചെയ്തു.

26 കുത്തപാറ ഇടവകയിൽ പുതുതായി നിർമ്മിച്ച ദൈവാലയ ത്തിന്റെ കൂദാശാകർമ്മം നടത്തി.

27 കരുണാ ഹോസ്പിറ്റലിൽ അഭിവന്ദ്യ പിതാവ് നഴ്സുമാർക്ക് ക്യാപ്പിങ്ങ് സെറിമണി നിർവഹിച്ചു.

28 ബഥേൽ ഇടവകയുടെ ജൂബിലി സമാപന സമ്മേളനത്തിൽ പങ്കെടുത്തു.

29 ബൈസൺവാലി ഇടവകയിലെ പുതിയ വൈദികമന്ദിരം വെഞ്ചരിച്ചു.

30 കാരിത്തോട് ഇടവകയിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളി യുടെ വെഞ്ചരിപ്പ് നടത്തി.




| | | |
|---|---|---|
| 01 | 08.00 am | ദൈവാലയകൂദാശ, വാളറ |
| 02 | 10.30 am | ക്യാറ്റകെറ്റിക്കൽ കമ്മിറ്റി, കരിമ്പൻ |
| 03 | 11.30 am | ജൂബിലി, മുരിക്കാശ്ശേരി |
| 04 | 09.30 am | Vestition SH, രാജമുടി |
| * | 07.00 pm | മേജർ സെമിനാരിയൻസ് ഗാതറിങ്ങ്. |
| * | 07.30 pm | Teens Meet, വിശ്വദീപ്തി, അടിമാലി |
| 06 | 09.00 am | Vestition, മൈനർ സെമിനാരി |
| * | 10.30 am | രാജമുടി |
| 08 | 11.00 am | വിവാഹം, വെള്ളയാംകുടി |
| 13 | 03.00 pm | ദൈവാലയകൂദാശ, പള്ളിക്കുന്ന് |
| 25 | 09.00 am | ആഘോഷമായ വി. കുർബ്ബാന സ്വീകരണവും തൈലാഭിഷേകവും, പൊട്ടൻകാട് |
| 27 | 10.30 am | ആഘോഷമായ വി. കുർബ്ബാന സ്വീകരണവും തൈലാഭിഷേകവും, രാജകുമാരി |

